بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحْمَدُهٗ وَنُصَلِّي عَلٰى رَسُوْلِهِ الْكَرِيْمِ    وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّ اَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാല്യം 10

ലക്കം 01-02

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2025 ജനുവരി 2-9/ഹി.ശം 1403 സ്വുൽഹ് 2-9/ഹി:ഖ 1446 ജമാദുൽ ആഖർ 9-16

## അല്ലാഹുവിന്റെ വചനം

هُوَ الَّذِيْ جَعَلَ لَكُمُ الَّيْلَ لِتَسْكُنُوْا فِيْهِ وَالنَّهَارَ مُبْصِرًا ۭ اِنَّ فِيْ ذٰلِكَ لَاٰيٰتٍ لِّقَوْمٍ يَّسْمَعُوْنَ ﴿٦٨﴾

(سُوْرَۃُ یُوْنُس: 68)

രാത്രിയെ നിങ്ങൾക്ക് വിശ്രമം കൊള്ളുന്നതിനായും പകലിനെ നിങ്ങൾക്ക് വെളിച്ചം തരുന്നതിനായും ഉണ്ടാക്കിത്തന്നവൻ അവനാണ്. തീർച്ചയായും ശ്രദ്ധിച്ചുകേൾക്കുന്ന ജനങ്ങൾക്ക് ഇതിൽ പല ദൃഷ്ടാന്തങ്ങളുമുണ്ട്.

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## തിരുനബിﷺയുടെ തിരുവചനങ്ങൾ:

**✪ വയൽ അല്ലെങ്കിൽ മരത്തിൽനിന്ന് പക്ഷികൾ തിന്നുന്നതിന്റെ പ്രതിഫലം: ✪**

2320: ഹദ്റത്ത് അനസ്ؓ നിവേദനം: നബിﷺതിരുമേനി പറഞ്ഞു: ഏതെങ്കിലുമൊരു മുസ്ലിം ചെടിവച്ചുപിടിപ്പിക്കുകയോ വിത്തു വിതയ്ക്കുകയോ ചെയ്തു. അങ്ങനെ അതിന്റെ ഫലം ഒരു പക്ഷിയോ മൃഗമോ മനുഷ്യനോ ഭക്ഷിച്ചു. എങ്കിൽ അതവന്റെ ഒരു ദാനമായി ഗണിക്കപ്പെടാതിരിക്കുകയില്ല.

**✪ സംരക്ഷണത്തിനും കാവലിനും വേണ്ടി നായയെ വളർത്തൽ ✪**

2322: ഹദ്റത്ത് അബൂഹുറയ്റؓ നിവേദനം. നബിﷺതിരുമേനി പറഞ്ഞു: വല്ലവനും കൃഷിയുടേയോ കന്നുകാലികളുടേയോ കാവലിനുവേണ്ടിയല്ലാതെ ഒരു നായയെ വളർത്തിയാൽ ഓരോ ദിവസവും അതു കാരണം അവന്റെ പുണ്യകർമങ്ങളിൽനിന്ന് ഓരോ ഖീറാത്തുവീതം കുറഞ്ഞുകൊണ്ടിരിക്കും.

2323: സുഫ്യാൻؓ നിവേദനം. നബിﷺതിരുമേനി പറഞ്ഞു: കൃഷിക്കോ കന്നുകാലികളുടെ ആവശ്യത്തിനോ അല്ലാതെ വല്ലവനും നായയെ വളർത്തിയാൽ അവന്റെ പുണ്യകർമങ്ങളിൽ നിന്ന് ഓരോ ദിവസവും ഓരോ ഖീറാത്തുവീതം കുറഞ്ഞുകൊണ്ടിരിക്കും. *(സ്വഹീഹ് ബുഖാരി വാള്യം 3, കിതാബുൽ ഹർഥ് വൽ മുസാരിഅ പ്രസാധനം 2008 ഖാദിയാൻ)*

ക്യൂആർ കോഡ് സ്കാൻ ചെയ്യൂ... ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...

**The Weekly BADR Qadian (Malavalam)**

## ഈ ലക്കത്തിൽ

ജുമുഅ ഖുത്വ്ബ 27 സെപ്റ്റംബർ 2024

ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം

**മനുഷ്യൻ ധാരാളം മരണങ്ങൾ വരിക്കുകയും ഒരുപാട് മാറ്റങ്ങളിലൂടേയും വിപ്ലവങ്ങളിലൂടേയും പുറത്തു വരികയും ചെയ്യാത്തിടത്തോളം അതൊരിക്കലുമൊരിക്കലും പ്രയോജനം ചെയ്യുന്ന കാര്യമല്ല. അവൻ മനുഷ്യത്വത്തിന്റെ യഥാർഥ ഉദ്ദേശ്യം പ്രാപിക്കുകയുമില്ല. സകല മനുഷ്യരും മാതൃകയ്ക്ക് ആശ്രിതരാണെന്ന കാര്യവും സ്മരണാർഹമാണ്. ആ മാതൃകയാണ് പ്രവാചകന്മാരുടെ അസ്തിത്വം.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്ؑന്റെ ഉപദേശങ്ങൾ

**ബയ്അത്തിന്റെ കാമ്പ് സ്വീകരിക്കുക:**

"കേവലം ബയ്അത്ത് ചെയ്യുന്നതുകൊണ്ട് അല്ലാഹു തൃപ്തനാകുമെന്ന് കരുതരുത്. അത് വെറും പുറന്തോടാണ്. കാമ്പ് അതിനുള്ളിലാണുള്ളത്. ബഹുഭൂരിഭാഗം പ്രകൃതിനിയമവും ഇങ്ങനെത്തന്നെയാണ്. ഒരു തോലുണ്ടാകും. കാമ്പ് അതിനുള്ളിലായിരിക്കുമുണ്ടാകുക. തൊലിയെന്തെങ്കിലും പ്രയോജനമുള്ള വസ്തുവല്ല. കാമ്പുതന്നെയാണ് എടുക്കപ്പെടുന്നത്. ചിലതുണ്ട്, അതിൽ കാമ്പുതന്നെ ഉണ്ടാകുകയില്ല. കാറ്റുനിറഞ്ഞ കോഴിമുട്ടകൾപോലെ! അതിൽ മഞ്ഞക്കരുവോ വെള്ളക്കരുവോ ഉണ്ടാകുകയില്ല. അതൊന്നിനും പ്രയോജനപ്പെടുകയില്ല. ഒന്നിനും കൊള്ളാത്ത വസ്തുവിനെപ്പോലെ അത് വലിച്ചെറിയപ്പെടുന്നു. അതേ! ഒന്നോ രണ്ടോ മിനുറ്റുനേരംവരെ ഏതെങ്കിലും കുട്ടിയ്ക്ക് അത് കളിക്കുന്നതിനുള്ള മാർഗമായേക്കാം. അത്രതന്നെ!

ഇപ്രകാരം ബയ്അത്തിന്റേയും ഈമാനിന്റേയും വാദമുന്നയിക്കുന്ന മനുഷ്യൻ ഈ രണ്ടുകാര്യങ്ങളുടേയും കാമ്പ് ഉൾക്കൊള്ളുന്നില്ലെങ്കിൽ ഭയപ്പെടേണ്ടതാണ്; അതായത് അതിന് അൽപം ക്ഷതമേൽക്കുന്നതായാൽ ഈ കാറ്റുനിറഞ്ഞ കോഴിമുട്ടകൾപോലെ തരിപ്പണമായി വലിച്ചെറിയപ്പെടുന്ന ഒരു സമയം വരുന്നതാണ്.

ഇപ്രകാരം ബയ്അത്തിന്റേയും ഈമാനിന്റേയും വാദമുന്നയിക്കുന്നവൻ താൻ തൊലിതന്നെയാണോ അതോ കാമ്പോ എന്ന് പരിശോധിക്കേണ്ടതാണ്. കാമ്പ് ഉണ്ടാകാത്തിടത്തോളം ഈമാൻ, സ്നേഹം, അനുസരണം, ബയ്അത്ത്, വിശ്വാസം, മുരീദിയത്ത് അഥവാ ശിഷ്യത്വം, ഇസ്ലാം എന്നിവയുടെ വാദമുന്നയിക്കുന്നവൻ യഥാർഥവാദമുന്നയിക്കുന്നവനല്ല. ഓർമിച്ചുകൊള്ളുക, അല്ലാഹുവിന്റെ തിരുസന്നിധിയിൽ കാമ്പ് കൂടാതെ തൊലിക്ക് ഒരു വിലയുമില്ലെന്നത് സത്യമായ കാര്യമാണ്. നല്ലവണ്ണം ഓർത്തുകൊള്ളുക, മരണമെപ്പോഴാണ് വന്നെത്തുന്നതെന്ന് അറിയുകയില്ല. എന്നാൽ, തീർച്ചയായും മരിക്കുമെന്നത് ഉറപ്പായ കാര്യമാണ്. അതുകൊണ്ട് വെറും വാദത്തിനുമേൽ വിശ്വസിച്ചിരിക്കുകയും സന്തോഷിക്കുകയും ചെയ്യരുത്. മനുഷ്യൻ ധാരാളം മരണങ്ങൾ വരിക്കുകയും ഒരുപാട് മാറ്റങ്ങളിലൂടേയും വിപ്ലവങ്ങളിലൂടേയും പുറത്തു വരികയും ചെയ്യാത്തിടത്തോളം അതൊരിക്കലുമൊരിക്കലും പ്രയോജനം ചെയ്യുന്ന കാര്യമല്ല. അവൻ മനുഷ്യത്വത്തിന്റെ യഥാർഥ ഉദ്ദേശ്യം പ്രാപിക്കുകയുമില്ല.

ശേഷം പേജ് 12 ൽ

**അല്ലാഹുവിന്റെ ഏതെങ്കിലും നബി ലോകത്ത് വരുകയും അവന്റെ സന്ദേശമെത്തിക്കുകയും ചെയ്തപ്പോൾ ജനങ്ങൾ അവരെ എതിർക്കാൻ തുടങ്ങി. അതികഠിനമായ ദ്രോഹങ്ങൾ അവരോടു ചെയ്തു. എന്നാൽ, അവസാനം ലോകത്തിന് അല്ലാഹുവിന്റെ നബിമാരിൽനിന്ന് സമർപിക്കപ്പെട്ട അധ്യാപനം സമ്മതിക്കേണ്ടിവരുകയും തങ്ങളുടെ പരാജയം അംഗീകരിക്കേണ്ടി വരുകയും ചെയ്തു.**

സയ്യിദുനാ ഹദ്റത്ത് മുസ്വ്ലിഹ് മൗഊദ്ؓ സൂറ ഹജ്ജിലെ 73-ാമത്തെ വചനത്തിന് നല്കിയ വ്യാഖ്യാനത്തിൽ പറയുന്നു: "ദുഷ്ടന്മാരായിട്ടുള്ളവർക്ക് സത്യമായ കാര്യം കേൾക്കുമ്പോൾ ദ്വേഷം വരുകയും അവർ സത്യവിശ്വാസികളുടെമേൽ ആക്രമണം നടത്തുകയും ചെയ്യുന്നു. എല്ലാ തരത്തിലുള്ള സമ്മർദവും ചെലുത്തി അവരെ പ്രബോധനത്തിൽനിന്ന് തടയാനാഗ്രഹിക്കുന്നു. സത്യമായ കാര്യം അംഗീകരിക്കുകയെന്നത് തങ്ങൾക്കുതന്നെ ഗുണകരമാണെന്നും അവരത് വിശ്വസിക്കുന്നില്ലെങ്കിൽ ദുഃഖിക്കേണ്ടിവരുമെന്നുമുള്ള കാര്യം അവർ മനസ്സിലാക്കുന്നില്ല. അവർ ആവേശത്തള്ളിച്ചയാൽ കലഹവും കുഴപ്പവുമുണ്ടാക്കാൻ ഇറങ്ങിപ്പുറപ്പെടുന്നു. മുഅ്മിനീങ്ങളെ ദുഃഖിപ്പിക്കാൻ തുടങ്ങുന്നു. അഹ്മദിയ്യ ജമാഅത്തിന്റെ സ്ഥാപകർ ഹദ്റത്ത് ഈസാؑ മറ്റു എല്ലാ നബിമാരേയും പോലെ മരിച്ചുപോയിരിക്കുന്നുവെന്ന വാദം സമർപ്പിച്ചപ്പോൾ എപ്രകാരമാണ് ഭാരതം മുഴുവൻ ഒരറ്റം മുതൽ മറ്റേഅറ്റംവരെ ഒരു തീ പടർന്നു പിടിച്ചതെന്ന് നോക്കുക. എതിർപ്പിന്റെ ഒരു കൊടുങ്കാറ്റ് വീശി. ഉലമാ അവരുടെ പുസ്തകക്കെട്ടുകൾ നിവർത്തിയിരുന്നു. എഴുതിയെഴുതി അവരുടെ പേനകൾ വറ്റിപ്പോയി. പ്രസംഗിച്ച് പ്രസംഗിച്ച് അവരുടെ നാവുകളിൽ കുമിളകൾ പൊന്തി. അവർ അഹ്മദിയ്യ ജമാഅത്തിന്റെ സ്ഥാപകരെ കാഫിറെന്നും അക്ഫറെന്നും ദജ്ജാലെന്നും ഓല്ലെന്നും മുളില്ലെന്നും പറയുന്നതിൽ ഒരു കുറവും വരുത്തിയില്ല. അറേബ്യയിൽനിന്നുള്ള ഉലമാഅ്നെ കൊണ്ടുവരെ അദ്ദേഹത്തിന്നെതിരിൽ ഫത്വ പുറപ്പെടുവിച്ചു. എന്നാൽ, ഫലമെന്തുണ്ടായി? ഉദിച്ചുയരുന്ന ഓരോ ദിവസവും അവരെ വിശ്വസിക്കുന്ന കുറച്ചാളുകൾ അഹ്മദിയായില്ലെങ്കിലും ഈസാമസീഹ് ജീവിച്ചിരിക്കുന്നുവെന്ന വാദം തീർച്ചയായും നിഷേധിക്കാൻ തുടങ്ങി. ഇന്നത്തെ അവസ്ഥയെന്താണെന്നാൽ ആധുനിക വിദ്യാസമ്പന്നരായ ആളുക

ശേഷം പേജ് 11 ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

**“നബിﷺതിരുമേനി ആഗ്രഹിച്ചിരുന്നുവെങ്കിൽ ഒരു യുദ്ധവും കൂടാതെ മക്കയിൽ പ്രവേശിക്കാമായിരുന്നു. പക്ഷേ, മക്കക്കാരുടെ അനുമതിയോടുകൂടി നീങ്ങാമെന്നാണ് നബിﷺതിരുമേനി തീരുമാനിച്ചിട്ടുണ്ടായിരുന്നത്. മക്കക്കാർ സ്വയം യുദ്ധത്തിന് നിർബന്ധിച്ചാൽ അതു വേറെ കാര്യം. അതു കൊണ്ട് മക്കയിലേക്കുള്ള പാത തുറന്നു കിട്ടിയിട്ടും നബിﷺതിരുമേനി ഹുദയ്ബിയയിൽ തമ്പടിച്ചു.”**
**(ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓ)**

**ഹുദയ്ബിയയുടെ സ്ഥലത്താണ് മുസ്‌ലിമീങ്ങളും ഖുറയ്ശികളും തമ്മിൽ ഉടമ്പടി ചെയ്തത്. അത് സ്വുൽഹ് ഹുദയ്ബിയ(ഹുദയ്ബിയ സന്ധി)എന്ന് അറിയപ്പെടുന്നു. നിവേദനത്തിൽ ഇത് ഹുദയ്ബിയ യുദ്ധമെന്നും പറയപ്പെട്ടു.**

**“ഈ യാത്രയ്ക്കിടയിൽ നബിﷺതിരുമേനി ഉപയോഗിച്ചിരുന്ന ഒരു പാത്രത്തിലല്ലാതെ മറ്റൊരു പാത്രത്തിലും വെള്ളമുണ്ടായിരുന്നില്ല. ആ അവസരത്തിൽ നബിﷺതിരുമേനി സ്വഹാബാക്കൾ വെള്ളമില്ലെന്ന് പരാതി പറഞ്ഞപ്പോൾ തന്റെ പാത്രത്തിന് മുകളിൽ തന്റെ പരിശുദ്ധമായ കൈ വെച്ചു. തുടർന്ന് പ്രസ്തുത പാത്രം ചരിച്ചുകൊണ്ട് സ്വഹാബാക്കളോടു പറഞ്ഞു. നിങ്ങൾ നിങ്ങളുടെ പാത്രങ്ങളുമായി വന്ന് നിറച്ചുകൊള്ളുക.” നിവേദകൻ പറയുന്നു, “ആ സമയത്ത് നബിﷺതിരുമേനിയുടെ വിരലുകൾക്കിടയിൽനിന്ന് അരുവി പൊട്ടിപ്പുറപ്പെട്ടതുപോലെ ശക്തിയായി വെള്ളം വരുന്നുണ്ടായിരുന്നു. അങ്ങനെ എല്ലാവരും ആവശ്യത്തിന് വെള്ളമെടുത്തു. മുസ്‌ലിമീങ്ങളുടെ പ്രയാസം മാറുകയും ചെയ്തു.”**
**(സീറത്ത് ഖാത്തമുന്നബിയ്യീൻ)**

**“അല്ലാഹു ഇങ്ങനെ പറഞ്ഞു: ‘എന്റെ ദാസന്മാരിൽ പലരും ശരിയായ ഈമാനിന്റെ അവസ്ഥയിലാണ് നേരം വെളുപ്പിച്ചത്. പക്ഷേ, ചിലർ കുഫ്റിന്റെ അവസ്ഥയിൽ ചഞ്ചലപ്പെട്ടുകൊണ്ടിരുന്നു. കാരണം നമുക്കുമേൽ അല്ലാഹുവിന്റെ അനുഗ്രഹവും കാരുണ്യവും മുഖേന മഴയുണ്ടായി എന്ന് പറഞ്ഞ ദാസന്മാർ തങ്ങളുടെ വിശ്വാസത്തിന്റെ യാഥാർഥ്യത്തിൽ ഉറച്ചു നിന്നവരാണ്. എന്നാൽ, ഇന്ന ഇന്ന നക്ഷത്രങ്ങളുടെ സ്വാധീനഫലമായിട്ടാണ് മഴ പെയ്തതെന്ന് പറയുന്നവർ തീർച്ചയായും സൂര്യന്റേയും ചന്ദ്രന്റേയും വിശ്വാസികളാണ്. പക്ഷേ, അവൻ അല്ലാഹുവിനെ നിഷേധിച്ചു.”**

**ഹുദയ്ബിയ യുദ്ധത്തിന്റെ പശ്ചാത്തലവും അവസ്ഥകളുടേയും സംഭവങ്ങളുടേയും വിവരണവും.**

**ബംഗ്ലാദേശിലെ ജനാബ് മുഹമ്മദ് അബ്ദുല്ലാഹ് സാഹിബിന്റെ മകൻ ശഹ്രിയാർ റക്കീൻ സാഹിബ്, കബാബീറിലെ അബ്ദുല്ലാഹ് ആസാദ് ഔദേ സാഹിബ് എന്നിവരെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും.**

**ഖുത്ബ ജുമുഅ 2024 നവംബർ 15, 1403 നബുവ്വത്ത് 15,**
**മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സർറെ)യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
**ایدہ اللہ تعالیٰ بنصرہ العزیز**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِينَ ○ الرَّحْمٰنِ الرَّحِيمِ ○ مٰلِكِ يَوْمِ الدِّينِ ○ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيمَ ○ صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّالِّينَ ○

ഇന്ന് ഹുദയ്ബിയ സന്ധിയുമായി ബന്ധപ്പെട്ട വിഷയം ആരംഭിക്കുന്നതാണ്. ഹുദയ്ബിയ സന്ധി ഹിജ്റ ആറാം വർഷം ദുൽഖഅ്ദ മാസം, അതായത് എഡി 628 മാർച്ച് മാസത്തിലാണ് നടന്നത്. ഇതിനെ ഹുദയ്ബിയ യുദ്ധമെന്നും പറയാറുണ്ട്. ഹുദയ്ബിയ യുദ്ധത്തെ സംബന്ധിച്ച് അല്ലാഹു സൂറത്തുൽ ഫത്ഹ് എന്ന ഒരു അധ്യായംതന്നെ ഇറക്കിയിട്ടുണ്ട്. ഇതിലെ ആദ്യ വചനത്തിൽ അല്ലാഹു പറയുന്നു:

**അഊദുബില്ലാഹി മിനശ്ശയ്ത്വാനിർറജീം. ഇന്നാ ഫതഹ്നാലക്ക ഫത്ഹൻ മുബീനൻ. ല്ലിയഗ് ഫിർലക്കല്ലാഹു മാ തഖദ്ദമ മിൻദമ്പിക്ക് വമാ ത അഖ്ഖറ വ യുതിമ്മ നിഅ്മത്തഹൂ അലയ്ക്ക വ യഹ്ദിയക്ക സ്വിറാത്തൻമ്മുസ്തഖീമൻ. വ യൻസ്വുറക്കല്ലാഹു നസ്റൻ അസീസൻ.**

തീർച്ചയായും നാം നിനക്ക് സ്പഷ്ടമായൊരു വിജയം നല്കിയിരിക്കുന്നു; മുമ്പേയും പിമ്പേയുമുള്ള നിന്റെ വൈകല്യങ്ങളെ അല്ലാഹു നിന്നിൽനിന്ന് മറയ്ക്കുന്നതിനും നിന്റെമേൽ അവന്റെ അനുഗ്രഹത്തെ പൂർത്തീകരിക്കുന്നതിനും നിന്നെ നേർമാർഗത്തിൽ നയിക്കുന്നതിനും; അല്ലാഹു നിനക്ക് പ്രബലമായ സഹായം നല്കുന്നതിനും വേണ്ടിയാണിത്.(48:2-4)

ഇതിനെ എന്തുകൊണ്ടാണ് ഹുദയ്ബിയ യുദ്ധമെന്ന് പറയുന്നത്? അതിന്റെ വിവരണം ഇപ്രകാരമാണ്. അത് ചുരുക്കി വിവരിക്കാം. ഹുദയ്ബിയ ഒരു കിണറിന്റെ പേരാണ്. അത് കാരണമാണ് ഈ സ്ഥലത്തിന് ഹുദയ്ബിയ എന്ന പേരു വന്നത്. ഇസ്‌ലാമിന്റെ ആരംഭകാലത്ത് ഈ കിണർ യാത്രക്കാർക്കും ഹാജിമാർക്കും ഒരുപാട് ഉപയോഗപ്രദമായിരുന്നു. പക്ഷേ, അവിടെ ജനവാസമുണ്ടായിരുന്നില്ല. ഹുദയ്ബിയ മക്കയിൽനിന്ന് ഒരു കാതം, അതായത് ഒൻപത് മൈൽ ദൂരെയാണ് സ്ഥിതി ചെയ്യുന്നത്. മക്കയിൽനിന്ന് മദീനയിലേക്കുള്ള ദൂരം ഏകദേശം 250 മൈലാകുന്നു. മദീനയിൽ നിന്ന് ഹുദയ്ബിയവരെ ഏറെക്കുറെ 241 മൈൽ ദൂരമുണ്ട്. ഹുദയ്ബിയ മക്കയുടെ പടിഞ്ഞാറേ അതിർത്തിയാണ്. ചിലരുടെ വീക്ഷണത്തിൽ അതിന്റെ ഭൂരിഭാഗവും വിശുദ്ധഭൂമിയിൽ ഉൾപ്പെടുന്നു. കുറച്ചുഭാഗം അതിൽനിന്ന് പുറത്താണ്. ഇവിടെ ഹുദയ്ബിയയുടെ സ്ഥലത്താണ് മുസ്‌ലിമീങ്ങളും ഖുറയ്ശികളും തമ്മിൽ ഉടമ്പടി ചെയ്തത്. അത് സ്വുൽഹ് ഹുദയ്ബിയ (ഹുദയ്ബിയ സന്ധി) എന്ന് അറിയപ്പെടുന്നു. നിവേദനത്തിൽ

ഇത് ഹുദയ്ബിയ യുദ്ധമെന്നും പറയപ്പെട്ടു.

ഒരു നിവേദനത്തിൽ ഇതിനെ തിഹാമ യുദ്ധമെന്നും പറഞ്ഞിട്ടുണ്ട്. മക്കയിലും അതിന്റെ ചുറ്റുപാടുള്ള പ്രദേശത്തും കഠിന മായ ചൂടും ചൂടുകാറ്റും ഉണ്ടായിരുന്നതുകൊണ്ടാണ് തിഹാമ എന്ന പേര് വീണത്. ഇതിന്റെ അടിസ്ഥാനത്തിൽ ഇതിനും തിഹാമ എന്ന പേരുവീണു.*(സുബുലുൽ ഹുദാ വർറശാദ് വാല്യം 5, പേജ് 70 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)(അറ്റ്ലസ് സീറത്തുന്നബ്‌വി പേജ് 326)(ഫർഹങ്കെ സീറത്ത് പേജ് 100, പ്രസാധനം സവാർ അക്കാദമി കറാച്ചി)(അസ്സ്വഹീഹ് മിൻ സീറത്തുന്നബിയിൽഅഅ്ളംﷺവാല്യം 15, പേജ് 59, പ്രസാധനം അൽമർക്കസുൽഇസ്‌ലാമീ ലദ്ദറാസാത്ത്).(എൻസൈക്ലോപീഡിയ സീറത്തുന്നബിﷺപേജ് 188, സംസം പബ്ലിഷേഴ്സ്)(അൽമുഅ്ജമുൽ ഔസത്വ് വാല്യം 2 പേജ് 386,ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)(സുബുലുൽ ഹുദാ വർറശാദ് വാല്യം 5, പേജ് 87 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)*

അതിന്റെ കാരണമെന്തായിരുന്നു? നിവേദനങ്ങളിൽനിന്നും ചരിത്രങ്ങളിൽനിന്നും മനസ്സിലാകുന്നതെന്തെന്നാൽ, നബിﷺതിരുമേനി ഒരു സ്വപ്നത്തിന്റെ അടിസ്ഥാനത്തിൽ ഹുദയ്ബിയയിലേക്ക് യാത്ര തിരിച്ചു. നിവേദനത്തിൽ പറയുന്നു, നബിﷺതിരുമേനിക്ക് ഒരു സ്വപ്നമു ണ്ടായി. അതായത്, നബിﷺതിരുമേനിയും സ്വഹാബാക്കളും സമാധാനത്തോടുകൂടി, തലമുണ്ഡനം ചെയ്ത് മക്കയിൽ പ്രവേശിക്കുന്നു. നബിﷺതിരുമേനി ബയ്ത്തുല്ലായിൽ പ്രവേശിക്കുന്നു, അതിന്റെ താക്കോൽ വാങ്ങുന്നു. അറഫാ മൈതാനത്ത് തമ്പടിച്ചവരോടൊപ്പം നബിﷺതിരുമേനയും തങ്ങുന്നു. പിന്നെ നബിﷺതിരുമേനി അറേബ്യക്കാരേയും അറബികളേയും തൊട്ടടുത്തുള്ള ഗ്രാമീണവാസികളെയും തന്നോടൊപ്പം പുറപ്പെടാൻവേണ്ടി വിളിക്കുന്നു. ഈ യാത്രയിൽ മുസ്‌ലിമീങ്ങളുടെ പക്കൽ വാളുകളല്ലാതെ മറ്റൊരു ആയുധവുമില്ലായിരുന്നു. വാളുകളെല്ലാം ഉറകൾക്കുള്ളിലുമായിരുന്നു. അക്കാലഘട്ടത്തിൽ വീട്ടിൽനിന്ന് പുറത്തിറങ്ങുമ്പോൾ എല്ലാവരും വാളുകൾ കരുതാറുണ്ടായിരുന്നു. അതുകൊണ്ട് വാളുള്ളവരെല്ലാം തീർച്ചയായും യുദ്ധം ചെയ്യുമെന്ന് മനസ്സിലാക്കപ്പെട്ടിരുന്നില്ല. ഹദ്റത്ത് ഉമർ؄, നബിﷺതിരുമേനിയോടു പറഞ്ഞു:'യാറസൂലല്ലാഹ്! അങ്ങയ്ക്ക് അബൂ സുഫിയാനിൽ നിന്നും കൂട്ടുകാരിൽനിന്നും മുസ്‌ലിമീങ്ങൾക്ക് ആശങ്കയുണ്ടെങ്കിൽ അങ്ങെന്തുകൊണ്ടാണ് യുദ്ധത്തിനുള്ള സാധനങ്ങൾ കൂടെ കരുതാത്തത്?' നബി ﷺതിരുമേനി പറഞ്ഞു: "ഞാൻ ഉംറ ചെയ്യാനുള്ള ഉദ്ദേശ്യത്തിലാണ് പോകുന്നത്. അതുകൊണ്ട് ആയുധങ്ങൾ കൈയിൽ കരുതാൻ ആഗ്രഹിക്കുന്നില്ല."

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്؄ സീറത്ത് ഖാത്തമുന്നബിയ്യീനിൽ നബി ﷺതിരുമേനിയുടെ ഈ സ്വപ്നത്തെ പരാമർശിച്ചുകൊണ്ടെഴുതുന്നു: "നബിﷺതിരുമേനി ഈ സ്വപ്നം കണ്ടതിനു ശേഷം തന്റെ സ്വഹാബാക്കളെ ഉംറക്ക് തയ്യാറാകാൻ ആഹ്വാനം ചെയ്തു. ഉംറ ഒരർഥത്തിൽ ചെറിയ ഹജ്ജാകുന്നു. അതിൽ ഹജ്ജിന്റെ ചില കാര്യങ്ങൾ ഒഴിവാക്കി ബയ്ത്തുല്ലായെ പ്രദക്ഷിണം ചെയ്യുകയും ബലിയറുക്കുകയുമാണ് ചെയ്യുന്നത്. ഹജ്ജിനെപ്പോലെ അതിന് വർഷത്തിൽ ഒരു നിശ്ചിത സമയമില്ല. പ്രത്യുത ഈ ഇബാദത്ത് എല്ലാ കാലത്തും അനുഷ്ഠിക്കാവുന്നതാണ്. ഈ സന്ദർഭത്തിൽ നബിﷺ തിരുമേനി സ്വഹാബാക്കളോടു ഇപ്രകാരം വിളംബരപ്പെടുത്തി. ഈ യാത്രയിൽ ഒരു തരത്തിലുള്ള യുദ്ധവും ഉദ്ദേശിക്കുന്നില്ല. പ്രത്യുത തികച്ചും സമാധാനപരമായി ഇബാദത്ത് നിർവ്വഹിക്കുക മാത്രമാണ് ലക്ഷ്യമാക്കുന്നത്. അതുകൊണ്ട് മുസ്‌ലിമീങ്ങൾ ആരും തന്നെ ഈ യാത്രയിൽ ആയുധങ്ങൾ കരുതരുത്. അതേസമയം അറബികളുടെ പതിവനുസരിച്ച് വാളുകൾ മാത്രം അതിന്റെ ഉറകളിലിട്ട് യാത്ര ചെയ്യുന്ന രീതിയിൽ കൂടെ കരുതാവുന്നതാണ്." *(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ്؄എം.എ. പേജ് 749)*

ഹുദയ്ബിയ യുദ്ധാവസരത്തിൽ മുസ്‌ലിമീങ്ങളുടെ എണ്ണം എത്രയായിരുന്നു എന്ന കാര്യത്തിൽ അഭിപ്രായ ഭിന്നതയുണ്ട്. ഒരു നിവേദനമനുസരിച്ച് ആയിരത്തിൽ അൽപ്പം കൂടുതൽ സ്വഹാബാക്കളുണ്ടായിരുന്നു. വേറൊരു നിവേദനത്തിൽ ആയിരത്തിമുന്നൂറെന്നും മറ്റൊന്നിൽ ആയിരത്തിനാന്നൂറെന്നും പറയുന്നു. ആയിരത്തി എഴുന്നൂറു പേരുണ്ടായിരുന്നു എന്ന നിവേദനവും വന്നിട്ടുണ്ട്. അതായത് ആയിരം മുതൽ ആയിരത്തിഎഴുന്നൂറ് ആളുകൾ എന്ന വ്യത്യസ്ത നിവേദനങ്ങളുണ്ട്. *(ബുഖാരി കിതാബുൽമനാസിക്, ഹദീഥ് 1694)(ബുഖാരി കിതാബുൽമഗാസി, ബാബു ഗസ്‌വത്തുൽ ഹുദയ്ബിയ ഹദീഥ് 4155, 4154, 4152)(ഫത്ഹുൽബാരി വാല്യം 7. പേജ് 559, ഖദീമീ കുതുബു ഖാന)*

പുറപ്പെടാൻ നേരത്ത് ബലിചെയ്യാനുള്ള മൃഗങ്ങളെ ഹദ്റത്ത് നാജിയാ ബിൻ ജുൻദുബ് അസ്‌ലമീയെ ഏൽപ്പിച്ചു. അദ്ദേഹമാണ് അവയെ ദുൽഹുലയ്ഫയിലേക്ക് കൊണ്ടുപോയത്. ദുൽഹുലയ്ഫയും മദീനയിൽനിന്ന് ആറേഴ് മൈൽ ദൂരെയുള്ള ഒരു സ്ഥലമാണ്. യാത്ര പുറപ്പെട്ടപ്പോൾ മദീനയിൽ നബിﷺതിരുമേനി തന്റെ അഭാവത്തിൽ എപ്പോഴും പിൻഗാമിയെ അഥവാ പ്രാദേശിക അമീറിനെ നിശ്ചയിക്കാറുണ്ടായിരുന്നു. ഇബ്നു ഹിശാമിന്റെ നിവേദനമനുസരിച്ച് ഹദ്റത്ത് നുമയ്‌ല ബിൻ അബ്ദുല്ലായെയാണ് നാഇബായി നിശ്ചയിച്ചത്. ഹദ്റത്ത് അബൂറുഹ്‌മ് കുൽഥും ബിൻ ഹുസ്വയ്നെയാണെന്ന് ബിലാദരി പറഞ്ഞിട്ടുണ്ട്. ചിലർ പറയുന്നത് ഹദ്റത്ത് ഉമ്മി മക്തൂമിനെ ഇമാമുസ്സ്വലാത്തായി നിശ്ചയിച്ചുവെന്നാണ്. മറ്റുള്ളവരെ അദ്ദേഹത്തിന്റെ നാഇബുമാരായി നിശ്ചയിച്ചു. ഇങ്ങനെ വ്യത്യസ്ത നിവേദനങ്ങളുണ്ട്. *(സുബുലുൽ ഹുദാ വർറശാദ് വാല്യം 5, പേജ് 33 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)(ഫർഹങ്കെ സീറത്ത് പേജ് 105)*

നബിﷺതിരുമേനിയുടെയും സ്വഹാബാക്കളുടെയും യാത്രയ്ക്കുള്ള തയ്യാറെടുപ്പിനേയും പുറപ്പെടുന്നതിനേയും സംബന്ധിച്ചുള്ള വിശദീകരണത്തിൽ പറയുന്നു: നബിﷺതിരുമേനി ഈ വിളംബരത്തിനുശേഷം വീട്ടിൽ പ്രവേശിക്കുകയും കുളിക്കുകയും സുഹാറിൽ നിർമിതമായ രണ്ട് വസ്ത്രങ്ങൾ ധരിക്കുകയും ചെയ്തു. സുഹാർ യമനിലെ ഒരു സ്ഥലമാണ്. അവിടത്തെ വസ്ത്രങ്ങൾ വളരെ മികച്ചതാകുന്നു. നബിﷺതിരുമേനി തന്റെ വാതിലിന്നടുത്ത് വെളിയിൽ വന്നു. തന്റെ ഒട്ടകമായ ഖസ്‌വായിൽ യാത്ര പുറപ്പെട്ടു. ഈ യാത്രയിൽ നബിﷺതിരുമേനിയുടെ ധർമ്മപത്നി ഹദ്റത്ത് ഉമ്മുസൽമയും തിരുനബിയോടൊപ്പമുണ്ടായിരുന്നു. നബിﷺതിരുമേനി ദുൽഖഅ്ദ് മാസത്തിലെ ആദ്യത്തെ തിങ്കളാഴ്ചയാണ് പുറപ്പെട്ടത്. ദുൽഹുലയ്ഫയിലെത്തിയശേഷം അവിടെ ളുഹ്ർ നമസ്കരിച്ചു. തുടർന്ന് ബലിമൃഗങ്ങൾ വരുത്തിച്ചു. അത് എഴുപതെണ്ണമുണ്ടായിരുന്നു. അവയെ ഹാരമണിയിച്ചു. പിന്നെ കുറച്ച് ഒട്ടകങ്ങൾക്ക് അടയാളമിട്ടു. അതായത് അവ ഖുർബാനിയ്ക്കുള്ള ഒട്ടകം ആണെന്നറിയാൻ അവയുടെ പൂഞ്ഞയിൽ അടയാളം വെച്ചു. തുടർന്ന് നബിﷺതിരുമേനി ഹദ്റത്ത് നാജിയ ബിൻ ജുൻദുബിനോട് കൽപ്പിച്ചതനുസരിച്ച് അദ്ദേഹം മറ്റ് മൃഗങ്ങൾക്കുമേലും അടയാളമിടുകയും അവയിൽ മാല ചാർത്തുകയും ചെയ്തു. മറ്റു മുസ്‌ലിമീങ്ങളും തങ്ങളുടെ മൃഗങ്ങൾക്ക് മാലയിടുകയും അതിൽ അടയാളം വെക്കുകയും ചെയ്തു. ഈ യാത്രയിൽ മുസ്‌ലിമീങ്ങളുടെ പക്കൽ 200 കുതിരകളുണ്ടായിരുന്നു.

നബിﷺതിരുമേനി ഇഹ്റാം കെട്ടിയത് സംബന്ധിച്ച വിശദീകരണം ഇപ്രകാരമാണ്. നബിﷺതിരുമേനി രണ്ട് റക്അത്ത് നമസ്കരിച്ചു. ദുൽഹുലയ്ഫ മസ്ജിദിന്റെ കവാടത്തിൽനിന്ന് യാത്ര പുറപ്പെട്ടു. നബിﷺതിരുമേനി ബയ്ത്തുല്ലായെ സന്ദർശിക്കുന്നതിനും അതിനെ ആദരിക്കുന്നതിനുമാണ് വരുന്നതെന്ന് ജനങ്ങൾക്ക് മനസ്സിലാകുന്നതിനുവേണ്ടി അവിടന്ന് ഉംറയ്ക്കുള്ള ഇഹ്റാം കെട്ടി. തുടർന്ന് ഇപ്രകാരം തൽബിയ്യത്ത് ചൊല്ലി: **ലബ്ബയ്ക്കല്ലാഹുമ്മ ലബ്ബയ്ക്ക് —ലബ്ബയ്ക്ക് ലാ ശരീക്കലക്ക ലബ്ബയ്ക്ക്-ഇന്നൽഹംദ വന്നിഅ്മത്തലക്ക്-വൽമുൽക്ക ലാ ശരീക്കലക്ക്-** ഞാൻ ഹാജരായിരിക്കുന്നു, അല്ലാഹുവേ ഞാൻ ഹാജരായിരിക്കുന്നു. (അതേ!) ഞാൻ ഹാജരായിരിക്കുന്നു. നിനക്കൊരു പങ്കാളിയുമില്ല. ഞാൻ ഹാജരായിരിക്കുന്നു. സകല സ്തുതിയും സന്തോഷവും നിനക്കു തന്നെയാകുന്നു. മുഴുവൻ ലോകവും നിന്റേതുതന്നെയാകുന്നു. അതിൽ നിന്റെ പങ്കാളിയായി ആരുംതന്നെയില്ല.

നബിﷺതിരുമേനി ഖുറയ്ശികളുടെ അവസ്ഥയെക്കുറിച്ച് അറിയുന്നതിന് അതായത് അവർ എന്തെങ്കിലും ദുഷ്ടലാക്ക് വെച്ചുപുലർത്തുന്നുണ്ടോ എന്നറിയുന്നതിന് കൂടുതൽ മുൻകരുതലെന്നോണം ഒരു ദൂതനെ, ഹദ്റത്ത് ബുസ്ർ ബിൻ സുഫിയാനെ മുമ്പേ അയച്ചു. ഒരു നിവേദനമനുസരിച്ച് ഹദ്റത്ത് അബ്ബാദ് ബിൻ ബിശ്റിനെ മറ്റൊരു നിവേദനമനുസരിച്ച് ഹദ്റത്ത് സഅ്ദ് ബിൻ സയ്ദ് അശ്ഹലിയെ ഇരുപത് കുതിരസവാരിക്കാരുടെ നായകനായി നിശ്ചയിച്ചുകൊണ്ട് മുമ്പേ അയച്ചിരുന്നു. *(സുബുലുൽ ഹുദാ വർറശാദ് വാല്യം 5, പേജ് 33-34,80 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)*

വിവിധ സ്ഥലങ്ങളിൽ തമ്പടിച്ചതിനുശേഷം നബിﷺതിരുമേനി റൗബാഅ് എന്ന സ്ഥലത്തെത്തിയപ്പോൾ-ഇത് മദീനയിൽനിന്ന് 73 കിലോമീറ്റർ അകലെയാണ്- ചെങ്കടലിന്റെ അടുത്ത് കരയിൽ ഗയ്ഖ താഴ്‌വരയിൽ കുറച്ച് മുശ്രിക്കീങ്ങളുണ്ടെന്ന് അറിവ് ലഭിച്ചു. അവർ ഓർക്കാപ്പുറത്ത് മുസ്‌ലിമീങ്ങളെ ആക്രമിക്കുമോ എന്ന ആശങ്കയുണ്ടായിരുന്നു. നബിﷺതിരുമേനി ഹദ്റത്ത് അബൂ ഖത്താദ അൻസ്വാരിയെ-അദ്ദേഹം ഇഹ്റാം കെട്ടിയിട്ടുണ്ടായിരുന്നില്ല- സ്വഹാബാക്കളുടെ ഒരു സംഘത്തോടൊപ്പം അവരുടെ അടുക്കൽ

പറഞ്ഞുവിട്ടു.*(ഫത്ഹുൽബാരി, വാള്യം 4, ഖദീമീ കുതുബ് ഖാന)(സീറത്ത് എൻസൈക്ലോപീഡിയ വാള്യം 8, പേജ് 50, ദാറുസ്സലാം രിയാള് 1435 ഹിജ്റ)*

ഈ യാത്രയിൽ ചില അത്ഭുതങ്ങളുണ്ടായതിനെപ്പറ്റിയും പരാമർശമുണ്ട്. യാത്രയ്ക്കിടയിൽ ഒരു സ്ഥലത്ത് ആളുകൾ നബിﷺതിരുമേനിക്ക് ചുറ്റും ഒരുമിച്ചുകൂടി. നബിﷺതിരുമേനിക്ക് മുന്നിൽ ഒരു വെള്ളമുള്ള പാത്രം വെച്ചു. നബിﷺതിരുമേനി അതുകൊണ്ടാണ് വുളു ചെയ്തിരുന്നത്. നബിﷺതിരുമേനി ചോദിച്ചു, എന്താണ് കാര്യം? സ്വഹാബാക്കൾ പറഞ്ഞു:'അങ്ങയുടെ പക്കൽ ഈ പാത്രത്തിലുള്ള വെള്ളമല്ലാതെ ഞങ്ങളുടെ ആരുടെ കൈയിലും കുടിക്കാനോ വുളു ചെയ്യാനോ വെള്ളമില്ല.' അതു കേട്ടപ്പോൾ നബിﷺതിരുമേനി പ്രസ്തുത പാത്രത്തിൽ തന്റെ കൈ വെച്ചു. ആ സമയത്ത് നബിﷺതിരുമേനിയുടെ വിരലുകൾക്കിടയിൽനിന്ന് ജലധാരയിൽ നിന്നെന്നപോലെ വെള്ളം ശക്തിയായി ഒഴുകാൻ തുടങ്ങി; അതായത് വെള്ളത്തിന്റെ നീരുറവ പൊട്ടിപ്പുറപ്പെട്ടതുപോലെ! ഹദ്റത്ത് ജാബിർ‍ؓ പറയുന്നു: ഞങ്ങളെല്ലാവരും വെള്ളം കുടിക്കുകയും വുളു എടുക്കുകയും ചെയ്തു. അഥവാ ഞങ്ങളുടെ എണ്ണം ഒരു ലക്ഷം ആയിരുന്നെങ്കിൽപോലും ആ വെള്ളം ഞങ്ങൾക്ക് ധാരാളമായിരുന്നു. പക്ഷേ, ആ സമയത്ത് ഞങ്ങൾ 1500 പേർ മാത്രമാണുണ്ടായിരുന്നത്. *(സീറത്തുൽ ഹൽബിയ്യ, വാള്യം 2, പേജ് 393, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)(സീറത്തുൽ ഹൽബിയ്യ, വാള്യം 3, പേജ് 14, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)*

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്ؓ ഈ സംഭവം ചരിത്രഗ്രന്ഥങ്ങളിൽ നിന്നെടുത്ത് ഇങ്ങനെ വിവരിക്കുന്നു: "ഈ യാത്രയ്ക്കിടയിൽ നബിﷺതിരുമേനി ഉപയോഗിച്ചിരുന്ന ഒരു പാത്രത്തിലല്ലാതെ മറ്റൊരു പാത്രത്തിലും വെള്ളമുണ്ടായിരുന്നില്ല. ആ അവസരത്തിൽ നബിﷺതിരുമേനി സ്വഹാബാക്കൾ വെള്ളമില്ലെന്ന് പരാതി പറഞ്ഞപ്പോൾ തന്റെ പാത്രത്തിന് മുകളിൽ തന്റെ പരിശുദ്ധമായ കൈ വെച്ചു. തുടർന്ന് പ്രസ്തുത പാത്രം ചരിച്ചുകൊണ്ട് സ്വഹാബാക്കളോടു പറഞ്ഞു. നിങ്ങൾ നിങ്ങളുടെ പാത്രങ്ങളുമായി വന്ന് നിറച്ചുകൊള്ളുക." നിവേദകൻ പറയുന്നു, "ആ സമയത്ത് നബിﷺതിരുമേനിയുടെ വിരലുകൾക്കിടയിൽനിന്ന് അരുവി പൊട്ടിപ്പുറപ്പെട്ടതുപോലെ ശക്തിയായി വെള്ളം വരുന്നുണ്ടായിരുന്നു. അങ്ങനെ എല്ലാവരും ആവശ്യത്തിന് വെള്ളമെടുത്തു. മുസ്‌ലിമീങ്ങളുടെ പ്രയാസം മാറുകയും ചെയ്തു." *(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ് സാദ മിർസാ ബശീർ അഹ്മദ് സാഹിബ്ؓഎം.എ. പേജ് 751)*

ഹദ്റത്ത് മസീഹ് മൗഊദ്ؑ ഈ സംഭവത്തെക്കുറിച്ച് വിവരിക്കുന്നു: 'ലിഖാ എന്ന അവസ്ഥയിലെത്തുമ്പോൾ ചില സമയത്ത് മാനുഷിക കഴിവിനതീതമായ ചില കാര്യങ്ങളും മനുഷ്യരിലൂടെ സംഭവിക്കുന്നതായി മനസ്സിലാക്കാൻ കഴിയുന്നു. ദൈവികശക്തികളുടെ ഒരു വർണ്ണം അവർക്ക് ലഭിക്കുന്നു. ഒരുപാട് അത്ഭുതങ്ങൾ നബിﷺതിരുമേനി ഇത്തരം വ്യക്തിഗതമായ കഴിവുകൾ കൊണ്ട് കാണിച്ചിട്ടുണ്ട്. അതോടൊപ്പം ദുആകളൊന്നുമില്ലായിരുന്നു. പലപ്പോഴും വളരെ കുറഞ്ഞ വെള്ളം കൊണ്ട്, അതായത് ഒരു പാത്രം വെള്ളത്തിൽ തന്റെ വിരലുകളിട്ടപ്പോൾ മുഴുവൻ സൈന്യവും ഒട്ടകവും കുതിരകളും അതിൽനിന്ന് വെള്ളം കുടിച്ചു. പിന്നെയും പ്രസ്തുത വെള്ളത്തിന്റെ അളവ് അതേപോലെത്തന്നെ ഉണ്ടായിരുന്നു. പലപ്പോഴും രണ്ടുമൂന്നു റൊട്ടികൾക്കുമീതെ തന്റെ കൈവെച്ചപ്പോൾ ആയിരക്കണക്കിന് വിശന്നുവലഞ്ഞവർ അതുമുഖേന വയറുനിറയെ ഭക്ഷണം കഴിച്ചു. ചില സമയത്ത് അൽപ്പം പാലിനെ തന്റെ ചുണ്ടുകൊണ്ട് അനുഗ്രഹിക്കുമ്പോൾ ഒരു വലിയ സംഘത്തിന്റെ വയർ നിറയാൻ അത് പര്യാപ്തമായിരുന്നു. ചില സമയത്ത് കുടിക്കാൻ യോഗ്യമല്ലാത്ത കിണർവെള്ളത്തിൽ തന്റെ ഉമിനീര് ചേർത്തപ്പോൾ അതിലെ വെള്ളം ശുദ്ധമായി മാറി. ചിലപ്പോൾ ഗുരുതരമായി പരിക്കേറ്റവർക്കുമേൽ തന്റെ കൈവെച്ചപ്പോൾ അവർ സുഖപ്പെട്ടു. ചിലപ്പോൾ യുദ്ധാവസരത്തിൽ കണ്ണുകൾ പുറത്തു വന്നപ്പോൾ തന്റെ കരസ്പർശംകൊണ്ട് അത് ശരിയാക്കി. ഇത്തരത്തിലുള്ള ഒരുപാട് പ്രവൃത്തികൾ തന്റെ വ്യക്തിഗതമായ കഴിവുകൊണ്ട് കാണിച്ചു. അതിൽ ഗുപ്തമായ ഒരു ദൈവിക ശക്തിയുണ്ടായിരുന്നു." *(ആഇനയെ കമാലാത്തെ ഇസ്‌ലാം, റൂഹാനീ ഖസാഇൻ വാള്യം 5, പേജ് 65-66)*

ഇക്കാര്യങ്ങളെ കുറിച്ച് ഇപ്പറഞ്ഞത് അവിടന്ന് നബിﷺതിരുമേനിയുടെ മുഅ്ജിസാത്തുകളിലാണ്.

നബിﷺതിരുമേനി യാത്ര പുറപ്പെട്ടു വെന്നറിഞ്ഞപ്പോൾ ഖുറയ്ശികളുടെ സൈന്യത്തിന്റെ തയ്യാറെടുപ്പിനെപ്പറ്റിയും നബിﷺതിരുമേനി സ്വഹാബാക്കളുമായി കൂടിയാലോചന നടത്തിയതിനെപ്പറ്റിയും വിവരണം ലഭിക്കുന്നുണ്ട്. മുസ്‌ലിമീങ്ങൾ യുദ്ധത്തിനല്ല പ്രത്യുത ബയ്ത്തുല്ലാഹ് സന്ദർശിക്കുന്നതിനാണ് വരുന്നതെന്ന് അറിഞ്ഞപ്പോഴും ഖുറയ്ശികൾ മുസ്‌ലിമീങ്ങളെ മക്കയിൽ കടക്കുന്നത് തടയാൻ തീരുമാനിച്ചു. വാളെടുക്കാൻ കഴിയുന്നവരെല്ലാം മുസ്‌ലിമീങ്ങളെ തടയാൻ പുറപ്പെട്ടു. യുദ്ധത്തിനല്ല വരുന്നതെന്നറിഞ്ഞിട്ടും അവർ തങ്ങളുടെ കൂട്ടാളികളെയെല്ലാം കൂട്ടി എണ്ണായിരം സൈനികരോടൊപ്പം മക്കയുടെ പടിഞ്ഞാറുഭാഗത്ത് ബൽദഹ് എന്ന താഴ്‌വരയിൽ തമ്പടിച്ചു. ഖാലിദ് ബിൻ വലീദിനെ ഇരുന്നൂറ് ആളുകളോടൊപ്പം നബിﷺതിരുമേനിയുടേയും സ്വഹാബാക്കളുടെയും വഴി തടയുന്നതിനുവേണ്ടി ഉസ്ഫാനിൽനിന്ന് എട്ടു മൈൽ അകലെ കുറാഉൽ ഗമീം എന്ന താഴ്‌വരയിലേക്ക് അയച്ചു.*(സുൽഹ് ഹുദയ്ബിയ, ബാശമീൽ പേജ് 114-119, നഫീസ് അക്കാദമി)(ഫർഹങ്കെ സീറത്ത് പേജ് 61, 243)*

ഹദ്റത്ത് മിസ്‌വർ ബിൻ മഖ്റമയിൽനിന്നും മർവാൻ ബിൻ ഹക്കമിൽനിന്നും നിവേദനം. നബിﷺതിരുമേനി ഉസ്ഫാന് സമീപം അശ്ത്വാത്വിലെ ജലാശയത്തിനടുത്തെത്തിയപ്പോൾ നബി ﷺ തിരുമേനിയുടെ ദൂതൻ ആ മഹാത്മാവിന്റെ അടുത്തു വന്നു. അയാൾ പറഞ്ഞു: ഖുറയ്ശികൾ അങ്ങയ്ക്കെതിരിൽ വലിയ സൈന്യം സംഘടിപ്പിച്ചിരിക്കുകയാണ്. അങ്ങയ്ക്കെതിരിൽ വിവിധ ഗോത്രങ്ങളെ ഒരുമിച്ചുകൂട്ടിയിട്ടുണ്ട്. അവർ അങ്ങുമായി യുദ്ധം ചെയ്യുന്നതാണ്. ബയ്ത്തുല്ലായിൽ പ്രവേശിക്കുന്നതിൽനിന്ന് അങ്ങയെ തടയുന്നതാണ്. നബി ﷺതിരുമേനി പറഞ്ഞു: ജനങ്ങളേ! നിങ്ങളുടെ അഭിപ്രായം എന്നോടു പറയുക. നമ്മെ ബയ്ത്തുല്ലായിൽ നിന്ന് തടയാൻ ആഗ്രഹിക്കുന്നവർക്കെതിരിൽ, അതായത് അവരുടെ ഭാര്യാമക്കൾക്കുമേൽ ഞാൻ യുദ്ധം ചെയ്യുകയാണോ വേണ്ടത്? അവർ നമ്മുടെയടുക്കൽ വരികയാണെങ്കിൽ നമ്മൾ അവരെ പൂർണമായും പരാജയപ്പെടുത്തുന്നതാണ്. ഹദ്റത്ത് അബൂബക്ർؓ പറഞ്ഞു: 'യാ റസൂലല്ലാഹ്! അങ്ങ് ബയ്ത്തുല്ലായിലേക്ക് പോകുമെന്ന ദൃഢനിശ്ചയത്തോടെയാണ് പുറപ്പെട്ടത്. ആരെയും ആക്രമിക്കാനോ ആരോടെങ്കിലും യുദ്ധം ചെയ്യാനോ ഉള്ള ഉദ്ദേശ്യവും ഇല്ലായിരുന്നു. അതുകൊണ്ട് അങ്ങ് ആ ഭവനത്തിലേക്ക് പുറപ്പെട്ടാലും. ആരെങ്കിലും നമ്മെ തടയുകയാണെങ്കിൽ നമ്മൾ അവരുമായി യുദ്ധം ചെയ്യുന്നതാണ്.' *(ബുഖാരി കിതാബുൽമഗാസി, ബാബു ഗസ്‌വത്തുൽ ഹുദയ്ബിയ, ഹദീഥ് 4178-4179)*

അതായത് നമ്മൾ നമ്മുടെ കർത്തവ്യം നിർവ്വഹിച്ചുകൊണ്ടിരിക്കുക, യാത്ര തുടരുക.' ഹദ്റത്ത് ഉസയ്ദ് ബിൻ ഹുളയ്ർؓ, ഹദ്റത്ത് അബൂബക്റിന്റെؓ ഈ അഭിപ്രായത്തോട് യോജിച്ചു. ഹദ്റത്ത് അബൂബക്റിനുശേഷം ഹദ്റത്ത് മിഖ്ദാദ്ؓപറഞ്ഞു: 'യാ റസൂലല്ലാഹ്, ഞങ്ങളൊരിക്കലും അങ്ങയോട് ബനീ ഇസ്രായീൽ, മൂസാ നബിയോട് പറഞ്ഞതുപോലെ 'നീയും നിന്റെ റബ്ബും പോയി യുദ്ധം ചെയ്യുക, ഞങ്ങളിവിടെ ഇരിക്കുന്നതാണ്' എന്ന് പറയുകയില്ല. യാ റസൂലല്ലാഹ്! അങ്ങ് മുന്നോട്ട് ഗമിച്ചാലും. അങ്ങും അങ്ങയുടെ റബ്ബും യുദ്ധം ചെയ്താലും. ഞങ്ങളും അങ്ങയോടൊപ്പം യുദ്ധം ചെയ്യുന്നതാണ്.'*(സുബുലുൽ ഹുദാ വർറശാദ് വാള്യം 5, പേജ് 37 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓതന്റേതായ ശൈലിയിൽ ഈ സംഭവം ഇങ്ങനെ വിവരിക്കുന്നു:"മക്കക്കാർക്ക് വിവരം കിട്ടിയപ്പോൾ അവർ സൈന്യവുമായി വന്നു. അവർ മുസ്‌ലിമീങ്ങളോടു പറഞ്ഞു, 'ഇവിടെ വരാൻ നിങ്ങൾക്കാരാണ് അനുമതി നൽകിയത്?' മുസ്‌ലിമീങ്ങൾ പറഞ്ഞു: 'ഞങ്ങൾ യുദ്ധം ചെയ്യാൻ വേണ്ടി വന്നതല്ല. ഉംറ ചെയ്യാൻ വന്നതാണ്. ഈ സ്ഥലം ഞങ്ങളുടെയും നിങ്ങളുടെയും പക്കൽ വളരെ അനുഗൃഹീതമാകുന്നു. ഞങ്ങൾ അത് സന്ദർശിക്കാനാണ് വന്നിട്ടുള്ളത്, യുദ്ധം ചെയ്യാനല്ല.' അവർ പറഞ്ഞു: 'നിങ്ങൾ ത്വവാഫ് ചെയ്യുന്ന പ്രശ്നംതന്നെ ഉദിക്കുന്നില്ല.' അതായത് സത്യനിഷേധികൾ അവരെ വിലക്കുകയാണ്. 'ഞങ്ങളും നിങ്ങളും തമ്മിൽ കലഹം നിലനില്ക്കുന്നു. നിങ്ങൾ മക്കയിൽ വന്ന് ത്വവാഫ് ചെയ്ത് പോവുകയാണെങ്കിൽ നിങ്ങളുടെ ശത്രുക്കൾ വന്ന് നിങ്ങളുടെ ഭവനത്തെ ത്വവാഫ് ചെയ്തു പോയിരിക്കുന്നുവെന്ന് പറഞ്ഞ് അറേബ്യയിൽ മുഴുവനും ഞങ്ങൾക്ക് അഭിമാനക്ഷതമുണ്ടാകും. ഞങ്ങൾ അറേബ്യയിലുള്ള മുഴുവൻ ആളുകൾക്കും അനുമതി നൽകിയാലും നിങ്ങൾക്ക് അനുമതി നൽകുന്നതല്ല.' *(സെറേ റൂഹാനീ(7), അൻവാറുൽ ഉലൂം വാള്യം 24, പേജ് 24)*

വിവരിക്കപ്പെട്ടതുപോലെ ഖാലിദ് ബിൻ വലീദ് ഇരുന്നൂറ് പേരുടെ സൈന്യവുമായി നബിﷺതിരുമേനിയുടെ സംഘത്തെ തടയാൻ അവിടത്തെ മുമ്പിലെത്തി. നബിﷺതിരുമേനി അതേക്കുറിച്ച് അറിഞ്ഞപ്പോൾ ഖാലിദ് ബിൻ വലീദിന്റെ വഴിയിൽനിന്ന് മാറി മറ്റൊരു വഴിയിലൂടെ ഹുദയ്ബിയയിലെത്തി. അതിന്റെ വിശദീകരണത്തിൽ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്ؓഎഴുതുന്നു: 'നബിﷺതിരുമേനി ഏതാനും ദിവസത്തെ യാത്രയ്ക്കുശേഷം

ഉസ്ഫാനു സമീപമെത്തി. ഇത് മക്കയിൽനിന്ന് ഏറെക്കുറെ രണ്ട് കാതം അകലെ വഴിയിൽ വരുന്ന ഒരു സ്ഥലമാണ്. അപ്പോൾ നബി ﷺതിരുമേനി യുടെ അടുത്ത് അവിടന്ന് പറഞ്ഞയച്ച ദൂതൻ വന്ന് പറഞ്ഞു: "മക്കയിലെ ഖുറയ്ശികൾ വളരെ ആവേശത്തിലാണ്. അങ്ങയെ തടയുമെന്നുള്ള ഉറച്ച തീരുമാനമെടുത്തിരിക്കുന്നു. എത്രത്തോളമെന്നാൽ അവരിൽ പലരും തങ്ങളുടെ ആവേശവും മൃഗീയസ്വഭാവവും വെളിപ്പെടുത്തുന്നതിന് പുലിത്തോൽ അണിഞ്ഞിട്ടുണ്ട്. യുദ്ധത്തിന്റെ ഉറച്ച നിലപാടുമായി എന്തുവന്നാലും മുസ്‌ലിമീങ്ങളെ തടയുമെന്ന് തീരുമാനിച്ചിരിക്കുന്നു. മാത്രമല്ല ഖുറയ്ശികൾ എന്തിനും തയ്യാറുള്ള തങ്ങളുടെ ഒരു സംഘത്തെ ഖാലിദ് ബിൻ വലീദിന്റെ നേതൃത്വത്തിൽ -അദ്ദേഹം അന്ന് മുസ്‌ലിമായിരുന്നില്ല- പറഞ്ഞയച്ചിട്ടുമുണ്ട്. ഈ സംഘം ഇപ്പോൾ മുസ്‌ലിമീങ്ങളുടെ വളരെ സമീപത്താണുള്ളത്. അതിൽ അബൂജഹ്‌ലിന്റെ മകൻ ഇക്‌രിമയും മറ്റുമുണ്ട്." നബിﷺതിരുമേനിക്ക് ഈ വിവരം കിട്ടിയപ്പോൾ കലഹം ഒഴിവാക്കുന്നതിനുവേണ്ടി സ്വഹാബാക്കളോടു പറഞ്ഞു: 'എല്ലാവർക്കും അറിയുന്ന മക്കയിലേക്കുള്ള വഴി ഒഴിവാക്കി മറ്റൊരു വഴിയിലൂടെ മുന്നോട്ട് നീങ്ങുക.' അങ്ങനെ മുസ്‌ലിമീങ്ങൾ സമുദ്രതീരത്തെ വളരെ ദുർഘടമായ വഴിയിലൂടെ മുന്നോട്ട് നീങ്ങാൻ തുടങ്ങി. നബിﷺതിരുമേനി അവരുമായി യുദ്ധം ആഗ്രഹിച്ചിരുന്നില്ല. കാരണം, അവിടന്ന് പോയത് യുദ്ധത്തിനല്ല. പ്രത്യുത ഉംറ ചെയ്യാനായിരുന്നു.

ഏതായാലും നബിﷺതിരുമേനി അവിടെനിന്ന് പുറപ്പെട്ടു, നിശ്ചിത സ്ഥലത്തെത്തിച്ചേർന്നു. ഖാലിദ് ബിൻ വലീദ് മുസ്‌ലിമീങ്ങൾ ദിശ മാറ്റിയത് അറിഞ്ഞതു പോലുമില്ല. അങ്ങനെ മുസ്‌ലിം സൈന്യം പോയ വഴിയിൽ പൊടിപടലം കണ്ടപ്പോൾ ഖാലിദ് ബിൻ വലീദ് ഖുറയ്ശികളെ വിവരം ധരിപ്പിക്കാൻ ഓടിപ്പോയി. *(സുബുലുൽ ഹുദാ വാല്യം 5, പേജ് 38 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്) (സുൽഹ് ഹുദയ്ബിയ, ബാശമീൽ പേജ് 125, നഫീസ് അക്കാഡമി)*

നബിﷺതിരുമേനി ഹുദയ്ബിയയിലെത്തിയതിനെ സംബന്ധിച്ച് നിവേദനങ്ങളുണ്ട്. ഹദ്റത്ത് മിസ്‌വർ ബിൻ മഖ്‌റമയിൽനിന്നും മർവാനിൽനിന്നും നിവേദനം. നബിﷺതിരുമേനി ഹുദയ്ബിയയുടെ സന്ദർഭത്തിൽ അങ്ങോട്ടു പുറപ്പെടുകയും അങ്ങനെ ഖുറയ്ശികൾ ഗർവ് കാണിച്ചിരുന്ന താഴ്‌വരയിലെ ത്തുകയും ചെയ്തു. നബിﷺതിരുമേനിയുടെ ഒട്ടകം അവിടെ ഇരുന്നു. ആളുകൾ അതിനെ എഴുന്നേൽപ്പിക്കാൻ ശബ്ദമുണ്ടാക്കിയെങ്കിലും അത് അങ്ങനെത്തന്നെ ഇരുന്നു. ആളുകൾ പറഞ്ഞു: 'ഖസ്‌വാഅ് ഇരുന്നിരിക്കുന്നു.' നബിﷺതിരുമേനി പറഞ്ഞു: "ഖസ്‌വാഅ് ഇരുന്നതല്ല. അങ്ങനെയൊരു സ്വഭാവവും അതിനില്ല. മറിച്ച് ആനകളെപ്പോലും തളയ്ക്കുന്ന പരിശുദ്ധമായ അസ്തിത്വം അഥവാ അല്ലാഹു അതിനെ തടഞ്ഞതാണ്." തുടർന്ന് നബിﷺതിരുമേനി പറഞ്ഞു, ആരുടെ കൈയിലാണോ എന്റെ ജീവനിരിക്കുന്നത് അവനാണെ സത്യം! ഖുറയ്ശികൾ ആവശ്യപ്പെടുന്നതെല്ലാം, അല്ലാഹുവിന്റെ ആദരവിന് അനുഗുണമായ കാര്യങ്ങളെല്ലാം ഞാൻ സമ്മതിച്ചു കൊടുക്കുന്നതാണ്. പിന്നീട് നബിﷺതിരുമേനി ഒട്ടകത്തെ ശകാരിച്ചപ്പോൾ അതെഴുന്നേറ്റു. പറയുന്നു, അല്ലാഹുവിന്റെ ആദരവിന് കോട്ടം തട്ടാത്ത രീതിയിൽ ഖുറയ്ശികൾ ഉന്നയിക്കുന്ന കാര്യങ്ങളെല്ലാം, ആവശ്യങ്ങളെല്ലാം ഞാൻ അംഗീകരിച്ചുകൊടുക്കുന്നതാണ്. ഏതായാലും നബിﷺതിരുമേനി ഒട്ടകത്തെ വീണ്ടും എഴുന്നേൽപ്പിച്ചു. നബിﷺതിരുമേനി മക്കക്കാരിൽനിന്ന് മാറി ഹുദയ്ബിയയുടെ ഒരു അറ്റത്ത് ചെറിയ ഒരു ജലാശയമുള്ള സ്ഥലത്ത് തമ്പടിച്ചു. ഇത് ബുഖാരിയിലുള്ള ഒരു നിവേദനമാണ്. *(ബുഖാരി കിതാബുശ്ശുറൂത് ബാബ് അശ്ശുറൂത് ഫിൽജിഹാദി ഹദീഥ് 2731-2732)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് ؓപറയുന്നു: 'അവിടെ നബിﷺതിരുമേനിയുടെ ഒട്ടകം നിൽക്കുകയും മുന്നോട്ടു നീങ്ങാതിരിക്കുകയും ചെയ്തു. സ്വഹാബാക്കൾ പറഞ്ഞു, 'യാ റസൂലല്ലാഹ്, അങ്ങയുടെ ഒട്ടകം ക്ഷീണിച്ചിരിക്കുന്നു. അങ്ങ് അതിനുപകരം മറ്റൊരു ഒട്ടകത്തിൽ യാത്ര ചെയ്താലും.' നബിﷺതിരുമേനിപറഞ്ഞു. അല്ല, അത് ക്ഷീണിച്ചിട്ടില്ല. മറിച്ച് അല്ലാഹുവിന്റെ ഇച്ഛ നമ്മൾ ഇവിടെത്തന്നെ നിൽക്കണമെന്നാണെന്ന് തോന്നുന്നു. ഞാൻ ഇവിടെത്തന്നെ ഇരുന്ന് മക്കക്കാരോട് എല്ലാ നിലയ്ക്കും, നമുക്ക് ഹജ്ജ് ചെയ്യുന്നതിനുവേണ്ടിയുള്ള അനുമതിക്ക് അപേക്ഷിക്കുന്നതാണ്. അവർ ഏതുതരത്തിലുള്ള നിബന്ധന വെച്ചാലും ഞാൻ അതംഗീകരിക്കുന്നതാണ്. ആ സമയത്ത് മക്കയിലുള്ള സൈന്യം മക്കയിൽ നിന്ന് വളരെ ദൂരെയാണുണ്ടായിരുന്നത്. അവർ മുസ്‌ലിമീങ്ങളെ കാത്തിരിക്കുകയായിരുന്നു.

"നബിﷺതിരുമേനി ആഗ്രഹിച്ചിരുന്നുവെങ്കിൽ ഒരു യുദ്ധവും കൂടാതെ മക്കയിൽ പ്രവേശിക്കാമായിരുന്നു. പക്ഷേ, മക്കക്കാരുടെ അനുമതിയോടുകൂടി നീങ്ങാമെന്നാണ് നബിﷺതിരുമേനി തീരുമാനിച്ചിട്ടുണ്ടായിരുന്നത്. മക്കക്കാർ സ്വയം യുദ്ധത്തിന് നിർബന്ധിച്ചാൽ അതു വേറെ കാര്യം. അതുകൊണ്ട് മക്കയിലേക്കുള്ള പാത തുറന്നു കിട്ടിയിട്ടും നബിﷺതിരുമേനി ഹുദയ്ബിയയിൽ തമ്പടിച്ചു." *(ദീബാച്ച് തഫ്സീറുൽ ഖുർആൻ-അൻവാറുൽ ഉലൂം വാല്യം 20, പേജ് 306-307)*

ബുഖാരിയിലുള്ള നിവേദനത്തിൽ പറയുന്നു: 'മുസ്‌ലിമീങ്ങൾ ഹുദയ്ബിയായിൽ തമ്പടിച്ച വെള്ളത്തിന്റെ തടാകത്തിൽനിന്ന് ആളുകൾ അൽപ്പാൽപ്പമായി വെള്ളം എടുത്തുതുടങ്ങി. കുറച്ച് സമയത്തിനകം തന്നെ അവർ വെള്ളമെടുത്തപ്പോൾ അതു വറ്റിപ്പോയി. നബിﷺതിരുമേനിയോടു ദാഹത്തെ സംബന്ധിച്ച് പരാതിപ്പെട്ടു. *(ബുഖാരി കിതാബുശ്ശുറൂത് ബാബ് അശ്ശുറൂത് ഫിൽജിഹാദി ഹദീഥ് 2731-2732)*

ഹദ്റത്ത് നാജിയ ബിൻ അഅ്ജംؓ നിവേദനം. ഹുദയ്ബിയ സന്ദർഭത്തിൽ നബിﷺ തിരുമേനിയുടെ സന്നിധിയിൽപോയി വെള്ളം കുറവാണെന്ന് പരാതിപ്പെട്ടപ്പോൾ, നബിﷺ തിരുമേനി എന്നെ വിളിച്ചു. തന്റെ ആവനാഴിയിൽനിന്ന് ഒരു അമ്പ് എനിക്കെടുത്തുതന്നു. പിന്നെ അരുവിയിലെ വെള്ളം ഒരു പാത്രത്തിൽ കൊണ്ടുവരാൻ പറഞ്ഞു. ഞാൻ അതുമായി വന്നപ്പോൾ നബിﷺതിരുമേനി വുളു എടുക്കുകയും വായയിൽ വെള്ളമാക്കി അതിലേക്കുതന്നെ തിരിച്ച് ഒഴിക്കുകയും ചെയ്തു. തുടർന്ന് എന്നോടു പറഞ്ഞു: 'ഈ പാത്രത്തിലെ വെള്ളം വറ്റിപ്പോയ ആ അരുവിയിൽ ഒഴിക്കുക. അതിലെ വെള്ളത്തിൽ ഈ അമ്പ് നാട്ടുകയും ചെയ്യുക.' ഞാൻ അങ്ങനെത്തന്നെ ചെയ്തു. നബിﷺതിരുമേനിയെ സത്യവുമായി അയച്ച അല്ലാഹുവാണെ സത്യം! ഞാൻ വളരെ പ്രയാസപ്പെട്ടാണ് പുറത്തു വന്നത്. എന്റെ നാലു ഭാഗത്തും വെള്ളമായിരുന്നു. വെള്ളമൊഴിച്ച് അമ്പു നാട്ടി ഞാൻ അവിടെ നിൽക്കുകയായിരുന്നു. പെട്ടെന്ന് കിണറിൽ വെള്ളം ഉയരാൻ തുടങ്ങി. അടുപ്പിലെ പാത്രം തിളയ്ക്കുന്നതുപോലെ വെള്ളം തിളച്ചു മറിയുന്നുണ്ടായിരുന്നു. അങ്ങനെ വെള്ളമുയരുകയും കരയോടൊപ്പം എത്തുകയും ചെയ്തു. ആളുകൾ അതിന്റെ കരയിലിരുന്ന് വെള്ളംകോരി നിറച്ചു തുടങ്ങി. എത്രത്തോളമെന്നാൽ അവരിൽ അവസാന വ്യക്തിയും ദാഹം ശമിപ്പിച്ചു. *(സുബുലുൽഹുദാ വാല്യം 5, പേജ് 41, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റൂത്ത്)*

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്ؓ ആ സന്ദർഭത്തിലുണ്ടായൊരു മഴയെക്കുറിച്ചും പറയുന്നുണ്ട്. ഇതും ചരിത്ര ഗ്രന്ഥങ്ങളിൽ വന്നിട്ടുള്ളതാണ്. "അതേ ദിവസം രാത്രിയോ അതിനടുത്ത ദിവസങ്ങളിലോ മഴപെയ്തു. നബിﷺതിരുമേനി രാവിലെ നമസ്കാരത്തിന് വന്നപ്പോൾ മൈതാനം മുഴുവനും വെള്ളംകെട്ടി നിൽക്കുകയായിരുന്നു. നബിﷺ തിരുമേനി സ്വഹാബാക്കളോടു പുഞ്ചിരിച്ചുകൊണ്ട് ചോദിച്ചു: 'ഈ സന്ദർഭത്തിൽ നിങ്ങളുടെ നാഥനെന്താണ് പറഞ്ഞത് എന്നറിയാമോ? സ്വഹാബാക്കൾ തങ്ങളുടെ പതിവ് ശീലമനുസരിച്ച് 'അല്ലാഹുവും അവന്റെ റസൂലും നന്നായി അറിയുന്നു' എന്ന് പറഞ്ഞു. നബി ﷺതിരുമേനി പറഞ്ഞു:

"അല്ലാഹു ഇങ്ങനെ പറഞ്ഞു: 'എന്റെ ദാസന്മാരിൽ പലരും ശരിയായ ഈമാനിന്റെ അവസ്ഥയിലാണ് നേരം വെളുപ്പിച്ചത്. പക്ഷേ, ചിലർ കുഫ്റിന്റെ അവസ്ഥയിൽ ചഞ്ചലപ്പെട്ടുകൊണ്ടിരുന്നു. കാരണം നമുക്കു


• ഹദീഥുന്നബവിﷺ •

"അല്ലാഹുവിന്റെ ഗ്രന്ഥം ഏറ്റവും നല്ലവണ്ണം അറിയുന്നയാളാണ് ജനങ്ങളുടെ ഇമാമത്ത് (നേതൃത്വം)വഹിക്കേണ്ടത്. വിശുദ്ധ ഖുർആനിനെ കുറിച്ചുള്ള ജ്ഞാനം സമമായിട്ടുള്ളവരാണെങ്കിൽ സുന്നത്തിൽ കൂടുതൽ ജ്ഞാനമുള്ളവൻ." (മിശ്ക്കാത്ത് 4:26)

ത്വാലിബെ ദുആ

C. K.MUHAMMED SHAREEF&FAMILY
AHMADIYYA JAMA-ATH VANIYAMBALAM,

• ഹദീഥുന്നബവിﷺ •

"സ്വുബ്ഹി നമസ്കാരത്തിനുശേഷം സൂര്യൻ പ്രകാശിക്കുന്നതുവരേയും അസ്വ്ർ നമസ്കാരത്തിനുശേഷം അത് അസ്തമിക്കുന്നതുവരേയും നമസ്കാരത്തെ നബിﷺനിരോധിച്ചിരിക്കുന്നു." (ബുഖാരി. 9:30)

ത്വാലിബെ ദുആ

LATE T.K.SIDHIQUE AND FAMILY
KARULAI, MALAPPURAM

മേൽ അല്ലാഹുവിന്റെ അനുഗ്രഹവും കാരുണ്യവും മുഖേന മഴയുണ്ടായി എന്ന് പറഞ്ഞ ദാസന്മാർ തങ്ങളുടെ വിശ്വാസത്തിന്റെ യാഥാർഥ്യത്തിൽ ഉറച്ചു നിന്നവരാണ്. എന്നാൽ, ഇന്ന ഇന്ന നക്ഷത്രങ്ങളുടെ സ്വാധീനഫലമായിട്ടാണ് മഴ പെയ്തതെന്ന് പറയുന്നവർ തീർച്ചയായും സൂര്യന്റേയും ചന്ദ്രന്റേയും വിശ്വാസികളാണ്. പക്ഷേ, അവൻ അല്ലാഹുവിനെ നിഷേധിച്ചു."

ഈ നിർദേശം മുഖേന തൗഹീദിന്റെ സമ്പത്തുമായി നിയോഗിക്കപ്പെട്ട നബിﷺ തിരുമേനി സ്വഹാബാക്കൾക്ക് നൽകിയ പാഠമെന്തെന്നാൽ, തീർച്ചയായും കാര്യകാരണങ്ങൾക്ക് വിധേയമായിട്ടാണ് അല്ലാഹു ഈ പ്രപഞ്ചസംവിധാനത്തെ നടത്തിക്കൊണ്ടു പോകുന്നതിന് വിവിധ സാധനസാമഗ്രികൾ ഒരുക്കിയിട്ടുള്ളത്. മഴയും മറ്റുമുണ്ടാകുമ്പോൾ ആകാശത്തിലെ നക്ഷത്രാദികൾക്കുള്ള സ്വാധീനത്തെ നിഷേധിക്കുന്നില്ല. പക്ഷേ, യഥാർഥ തൗഹീദ് ഈ സാമഗ്രികളെല്ലാമുണ്ടായിട്ടും മനുഷ്യന്റെ ദൃഷ്ടി എല്ലാത്തിനും അപ്പുറത്തുള്ള അസ്തിത്വത്തെക്കുറിച്ച് അശ്രദ്ധമാകാൻ പാടില്ലെന്നുള്ളതാണ്. അതായത് അല്ലാഹുവിനെക്കുറിച്ച് അശ്രദ്ധനാകാൻ പാടില്ല. സാധനസാമഗ്രികളും അല്ലാഹുതന്നെയാണ് തന്നിട്ടുള്ളത്. പക്ഷേ, അല്ലാഹുവിന്റെ കൽപ്പനയുണ്ടാകുമ്പോൾ മാത്രമാണ് സാധനസാമഗ്രികൾ പ്രയോജനപ്പെടുന്നത്. അവനാണ് ആ സാഹചര്യങ്ങളെയും സാധനങ്ങളെയും സൃഷ്ടിച്ചവൻ. അവൻ തന്നെയാണ് തന്റെ സംവിധാനത്തിന്റെ മൂലകാരണം. അവനെക്കൂടാതെ ഭൗതികസാഹചര്യങ്ങൾക്ക് ചത്ത കീടത്തെക്കാളും വലിയ പ്രസക്തിയൊന്നുമില്ല. *(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ്ؓഎം.എ. പേജ് 751-752)*

നബിﷺതിരുമേനിക്ക് അംറ് ബിൻ സാലിമും ബുസ്ർ ബിൻ സുഫിയാനും നൽകിയ ഉപഹാരത്തെക്കുറിച്ചും പറയുന്നുണ്ട്. എഴുതിയിരിക്കുന്നു: അംറ് ബിൻ സാലിമും ബുസ്ർ ബിൻ സുഫിയാനും ഖുസാഅ ഗോത്രത്തിൽപ്പെട്ടവരായിരുന്നു. അവർ ഹുദയ്ബിയായുടെ അവസരത്തിൽ നബിﷺ തിരുമേനിക്ക് ആടുകളെയും ഒട്ടകങ്ങളെയും ഉപഹാരമായി നൽകി. അംറ് ബിൻ സാലിം ഹദ്റത്ത് സഅ്ദ് ബിൻ ഉബാദയ്ക്കും ഒട്ടകം സമ്മാനമായി കൊടുത്തിരുന്നു. ഹദ്റത്ത് സഅ്ദ്, അംറിന്റെ സുഹൃത്തായിരുന്നു. ഹദ്റത്ത് സഅ്ദ് ബിൻ ഉബാദ പ്രസ്തുത ഉപഹാരവുമായി നബിﷺതിരുമേനിയുടെ അടുക്കൽ വന്നു പറഞ്ഞു: 'അംറ് അദ്ദേഹത്തിന് ഒട്ടകം സമ്മാനമായി നൽകിയിട്ടുണ്ട്.' അപ്പോൾ നബിﷺതിരുമേനി പറഞ്ഞു: 'അംറ് നമുക്കും ഉപഹാരം നൽകിയിട്ടുണ്ട്. അല്ലാഹു അംറിന്റെ സമ്പത്തിൽ അനുഗ്രഹം ചൊരിയുമാറാകട്ടെ.' തുടർന്ന് പറഞ്ഞു: 'ഒട്ടകങ്ങളെ അറുത്ത് സ്വഹാബാക്കൾക്കിടയിൽ വിതരണം ചെയ്യുക. ആടുകളെയും അവർക്കിടയിൽ വീതം വെച്ചു. ഈ വിതരണത്തിൽ നബിﷺതിരുമേനി, തന്നേയുമുൾപ്പെടുത്തിയിരുന്നു. ഹദ്റത്ത് ഉമ്മു സൽമയുടെ അടുക്കൽ മറ്റുള്ളവർക്ക് കൊടുത്തയച്ചതുപോലെ ഒട്ടകത്തിന്റെ മാംസം കൊടുത്തയച്ചിരുന്നു. നബിﷺതിരുമേനി തന്റെ പങ്കിൽ വന്ന ആടുകളുടെ കുറച്ച് മാംസവും ഹദ്റത്ത് ഉമ്മു സൽമക്ക് കൊടുത്തയച്ചിരുന്നു. ഉപഹാരവുമായി വന്ന വ്യക്തിക്ക് വസ്ത്രങ്ങൾ ഉപഹാരമായി നൽകാൻ അവിടന്ന് കൽപ്പിക്കുകയും ചെയ്തു.' *(സുബുലുൽഹുദാ വർറശാദ് വാല്യം 5, പേജ് 42, ദാറുൽകുതുബുൽ ഇൽമിയ്യ)*

ഈ ഉപഹാരം നബിﷺതിരുമേനിക്കാണ് കിട്ടിയതെങ്കിലും നബിﷺതിരുമേനി അതെല്ലാം ഒരിടത്ത് ഒരുമിച്ചുകൂട്ടി സ്വഹാബാക്കൾക്കിടയിൽ വിതരണം ചെയ്തു.

ഈ സംഭവവിവരണം തുടരുന്നതാണ്. ഹുദയ്ബിയായെ സംബന്ധിച്ച് അതെങ്ങനെയാണുണ്ടായത് തുടങ്ങിയ കാര്യങ്ങൾ ഇനിയും ബാക്കിയുണ്ട്. അത് പിന്നീട് വിവരിക്കുന്നതാണ്.

ഈ സമയത്ത് ഞാൻ ചില പരേതാത്മാക്കളെ അനുസ്മരിക്കുന്നതും നമസ്കാരത്തിനുശേഷം അവരുടെ ജനാസ നിർവ്വഹിക്കുന്നതുമാണ്.

ഇതിലെ ആദ്യത്തെ അനുസ്മരണം ബംഗ്ലാദേശിലെ ജനാബ് മുഹമ്മദ് അബ്ദുല്ലാഹ് സാഹിബിന്റെ മകൻ ശഹ്രിയാർ റക്കീനിനെക്കുറിച്ചാണ്. അതേക്കുറിച്ച് എഴുതുന്നു: ബംഗ്ലാദേശിൽ ആഗസ്റ്റ് അഞ്ചിന് സർക്കാർ സ്ഥാനഭ്രഷ്ടമാക്കപ്പെട്ടതിനുശേഷം കഴിഞ്ഞ ദിവസങ്ങളിൽ വലിയ കലാപമാണുണ്ടായത്. സർക്കാർ സ്ഥാനഭ്രഷ്ടമാക്കപ്പെട്ടപ്പോൾ രാജ്യത്ത് അരക്ഷിതാവസ്ഥ പടർന്നു. അഹ്മദിയ്യാവിരോധികൾ അത് മുതലെടുത്തുകൊണ്ട് അഹ്മദ് നഗർ ജമാഅത്തിനുമേൽ ആക്രമണം നടത്തി. നേരത്തെയും ഇവിടെ ആക്രമണം നടത്തിയിട്ടുള്ളതാണ്. വിരോധികൾ അഹ്മദികളുടെ വീടുകൾക്ക് തീയിട്ടു. മസ്ജിദും അഗ്നിക്കിരയാക്കി. ജാമിഅയിലേക്കും ജൽസാഗാഹിലേക്കും വന്നു. ജാമിഅയിലേക്ക് കടക്കാൻ കഴിഞ്ഞില്ലെങ്കിലും ജൽസ ഗാഹിന് പിന്നിലൂടെ വന്ന് ജൽസയുടെ സംരക്ഷണത്തിനുവേണ്ടി അവിടെ ഡ്യൂട്ടിയിലുണ്ടായിരുന്ന ഖാദിമീങ്ങളെ വളയുകയും അവരെ ആക്രമിക്കുകയും ചെയ്തു. ആ സമയത്ത് ശഹ്രിയാറിന്റെ തലയ്ക്കും ശക്തമായി പരിക്കുപറ്റി. അതുകാരണം മൂന്ന് മാസത്തോളം ചികിത്സയിലായിരുന്നു. അവസാനം നവംബർ എട്ടാം തീയതി പതിനാറാമത്തെ വയസ്സിൽ വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* അങ്ങനെ അദ്ദേഹം ശഹാദത്തിന്റെ പദവി കരസ്ഥമാക്കി. ശഹ്രിയാർ വഖ്ഫെ നൗ പദ്ധതിയിൽ അംഗമായിരുന്നു. സന്തപ്ത കുടുംബത്തിൽ മാതാപിതാക്കളും പിതാമഹനും പിതാമഹിയും കൂടാതെ ഒരു സഹോദരിയും രണ്ട് സഹോദരന്മാരുമുണ്ട്. പരേതന്റെ കുടുംബത്തിൽ പ്രപിതാമഹനായ ഹദ്റത്ത് മുൻശീ സിറാജുൽ ഇസ്‌ലാം സാഹിബ് മുഖേനയാണ് അഹ്മദിയ്യത്തെത്തിയത്. അദ്ദേഹം അല്ലാമാ ളില്ലുറഹ്മാൻ സാഹിബ് മുഖേന കുടുംബത്തിലെ ഭൂരിപക്ഷം ആളുകളോടൊപ്പം ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചു. പരേതൻ ജമാഅത്തുപരമായ സേവനങ്ങൾ സ്വയം ചെയ്യുന്ന ആളായിരുന്നു. അഹ്മദ് നഗറിലെ മജ്‌ലിസ് അത്ഫാലുൽ അഹ്മദിയ്യയുടെ പ്രവർത്തകസമിതിയിൽ മാൽ സെക്രട്ടറിയായും സേവനം ചെയ്തിരുന്നു.

അദ്ദേഹത്തിന്റെ മാതാവ് എഴുതുന്നു: അവരുടെ ഈ മകൻ ആദ്യം മുതലേ നമസ്കാരത്തിലും ഇബാദത്തുകളിലും ചിട്ടയും ജമാഅത്തുപരമായ പ്രവർത്തനങ്ങളിൽ ഒരുപാട് താൽപര്യമുള്ള കുട്ടിയുമായിരുന്നു. മാത്രമല്ല, പഠനത്തെ സംബന്ധിച്ച് പറഞ്ഞുകൊണ്ട് ജമാഅത്തുപരമായ പ്രവർത്തനങ്ങളിൽപ്പിന്നെ പങ്കെടുത്താൽ മതിയെന്ന് പറയുമ്പോൾ ദേഷ്യപ്പെടുമായിരുന്നു. അഹ്മദ് നഗറിൽ ഇജ്തിമായോ ജൽസയോ ഉണ്ടാകുമ്പോൾ ഏറ്റവുമാദ്യം വീട്ടിൽനിന്നിറങ്ങി അവിടെ എത്തുമായിരുന്നു." മാതാവ് തുടരുന്നു: "വീട്ടിലെ ചെറിയ മകനായതുകൊണ്ട് ഒരുപാടു ജോലികളിൽ എന്നെ സഹായിച്ചിരുന്നു. അടുക്കളയിൽ ഭക്ഷണം പാകം ചെയ്യാനും മറ്റും സഹായിക്കുമായിരുന്നു. ഈ കുട്ടി എല്ലാവരുമായും വളരെ വേഗം, അന്യരായ ആളുകൾക്കിടയിൽ പോലും ഇഴകിച്ചേർന്നിരുന്നു. അവന്റെ മൂത്ത സഹോദരനെപ്പോലെ ജാമിഅയിൽ പ്രവേശിക്കുന്നതിനുള്ള തയ്യാറെടുപ്പിലുമായിരുന്നു." മാതാവ് തുടർന്നെഴുതുന്നു: "അവനിൽ പല നന്മകളുമുണ്ടായിരുന്നു. അതുകൊണ്ടുതന്നെ ശഹ്രിയാറിന്റെ ശഹാദത്തിനെക്കുറിച്ച് നേരത്തെതന്നെ അറിയിപ്പും ലഭിച്ചിരുന്നു."

അഹ്മദ് നഗർ ഖുദ്ദാമുൽ അഹ്മദിയ്യ ഖാഇദ് നജ്മുഥ്ഥാഖിബ് സാഹിബ് പറയുന്നു: "നേരത്തെ കഴിഞ്ഞ വർഷം 2023 മാർച്ചിൽ ജൽസക്കിടെ ഉണ്ടായ ആക്രമണത്തിന്റെ ഫലമായി എഞ്ചിനീയർ സാഹിദ് ഹുസയ്ൻ സാഹിബ് ശഹീദായിരുന്നു. ഞാൻ ഇവിടെ അദ്ദേഹത്തിന്റെ ജനാസ ഗായിബ് നമസ്കരിക്കുകയും അദ്ദേഹത്തെക്കുറിച്ച് ഖുത്ബയിൽ അനുസ്മരിക്കുകയും ചെയ്തിരുന്നു. ഞങ്ങൾ എല്ലാ ഡ്യൂട്ടിക്കാരും ഭക്ഷണം കഴിക്കുമ്പോൾ ഖുത്ബ കേട്ടുകൊണ്ടിരുന്നു. ആ സമയത്ത് ശഹ്രിയാർ റക്കീൻ പറഞ്ഞു, "ഞാനാണ് ശഹീദായതെങ്കിൽ എന്നെയും ഇന്ന് അനുസ്മരിക്കുമായിരുന്നു." വിശദീകരണത്തിലെഴുതുന്നു: "ആഗസ്റ്റ് അഞ്ചാം തിയതി അക്രമികൾ ഓർക്കാപ്പുറത്ത് ആക്രമണം നടത്തി. ഇപ്രാവശ്യം വലിയ ബഹളങ്ങൾക്കുശേഷം ആക്രമണ


• ഹദീഥുന്നബ്വിﷺ •

"നിങ്ങൾ നിങ്ങളുടെ നമസ്കാരത്തിന് കരുതിക്കൂട്ടി സൂര്യോദയത്തിനും സൂര്യാസ്തമയത്തിനും കാത്തിരിക്കരുത്.'
'(ബുഖാരി: 9:30)

ത്വാലിബെ ദുആ
LATE P.V.SAINAB AND FAMILY
KARULAI, MALAPPURAM

• ഹദീഥുന്നബ്വിﷺ •

"ആരൊരുവൻ ഒരു നമസ്കാരം മറന്നുപോകുന്നുവോ, അവന് അത് ഓർമവരുമ്പോൾ നമസ്കരിക്കട്ടെ. അതിനു പരിഹാരം ഇതല്ലാതെ മറ്റൊന്നില്ല. എന്റെ (ദൈവത്തിന്റെ) ദൈവസ്മരണക്കായി നമസ്കാരം നിലനിറുത്തുക."
(ബുഖാരി. 9:37)

ത്വാലിബെ ദുആ
PROF.M.K.ABDUL KAREEM AND FAMILY
KARULAI, MALAPPURAM

മുണ്ടായപ്പോൾ വൻതോതിൽ ആളുകൾ ജാമിഅയുടെ സംരക്ഷണത്തിനുവേണ്ടി ഉണ്ടായിരുന്നു. റോഡിന്റെ ഇരുവശത്തും കേവലം പതിനഞ്ച് വീതം ഖാദിമീങ്ങളാണ് ഡ്യൂട്ടിക്ക് നിന്നിരുന്നത്. ശഹ്‌രിയാറും അവരുടെ ഇടയിലുണ്ടായിരുന്നു. വളരെ ധൈര്യപൂർവ്വം കാവൽ നിൽക്കുകയും സംരക്ഷണ കാര്യത്തിൽ ഖാഇദ് സാഹിബിനെ സഹായിക്കുകയും ചെയ്തിരുന്നു. പെട്ടെന്ന് അക്രമികൾ ഗേറ്റ് തല്ലിത്തകർത്ത് അകത്തു കടന്നു. അകത്തു കടന്നതും ആക്രമണം അഴിച്ചുവിട്ടു. വലിയ ദണ്ഡുകളുമായി ആളുകളെ മർദ്ദിച്ചവശരാക്കി. ഏറ്റവുമധികം പരിക്ക് പറ്റിയത് പരേതനായിരുന്നു. എത്രമാത്രം പരിക്കുപറ്റിയെന്നാൽ തലയിലാണ് ഏറ്റവുമധികം പരിക്കേറ്റത്. കീഴ്ത്താടി പൂർണമായും മരവിച്ചുപോയി. അത് അദ്ദേഹം അപ്പോൾത്തന്നെ വ്യക്തമാക്കിയിരുന്നു. തുടർന്ന് ആർമിയുടെ വാഹനം വരികയും കുറച്ചു സമയത്തിനകം പട്ടാളക്കാർ അക്രമികളിൽനിന്ന് പരിക്കേറ്റവരെ എടുത്തോടുകയും ചെയ്തു.

ഖാഇദ് സാഹിബ് എഴുതുന്നു: "അദ്ദേഹം എപ്പോഴും ഡ്യൂട്ടിക്കും സേവനത്തിനും തയ്യാറായിരുന്നു. മസ്ജിദ് വൃത്തിയാക്കുന്നതിലും വഖാറെ അമലിലും സ്വയം പങ്കെടുക്കുകയും മറ്റുള്ളവരെ പങ്കെടുപ്പിക്കുകയും ചെയ്തിരുന്നു. ഫജ്ർ, തഹജ്ജുദ് നമസ്കാരങ്ങൾക്ക് ആളുകളെ വിളിച്ചുണർത്തുന്ന ഡ്യൂട്ടിയും ചെയ്തിരുന്നു." ബംഗ്ലാദേശ് ജാമിഅ വിദ്യാർഥി സുഹയ്ർ സാഹിബ് പറയുന്നു: "അദ്ദേഹത്തെ മറവടക്കുന്ന സമയത്ത് ഞാൻ ജൽസാ ഗാഹിൽ ഡ്യൂട്ടിയിലായിരുന്നു. ഞാൻ അഹ്മദ് നഗറിലെ ഒരു ഖാദിമിനോടു ചോദിച്ചു. നിങ്ങളെല്ലാവരും അദ്ദേഹത്തോടൊപ്പം കഴിച്ചുകൂട്ടുകയും കളിക്കുകയുമൊക്കെ ചെയ്തവരാണ്. അദ്ദേഹത്തിന്റെ എന്ത് പ്രത്യേകതയാണ് മറ്റുള്ളവരിൽനിന്ന് അദ്ദേഹത്തെ വ്യതിരിക്തമാക്കിയിരുന്നത്? അയാൾ പറഞ്ഞു: "2023 ലെ ജൽസാ വേളയിൽ ശഹീദായ സാഹിദ് ഹസ്സനെ സംബന്ധിച്ച് ഒരു പ്രദർശനം ഒരുക്കിയിരുന്നു. ഞങ്ങളെല്ലാവരും ഒരുമിച്ച് അത് കാണുന്ന വേളയിൽ പെട്ടെന്ന് റക്കീൻ സാഹിബ് പറഞ്ഞു: 'സാഹിദ് ഭായിയെപോലെ ഞാനും ശഹീദായിരുന്നെങ്കിൽ എന്റെ ചിത്രങ്ങളും ഇവിടെ ഉണ്ടാകുമായിരുന്നു. എന്നെക്കുറിച്ചും ഖുത്ബയിൽ പറയുമായിരുന്നു.' അദ്ദേഹം ഇതു പറയുമ്പോൾ ഞങ്ങളൊക്കെ അത്ഭുതപ്പെട്ടുപോയി. ഏതായാലും അല്ലാഹു അദ്ദേഹത്തിന്റെ ആഗ്രഹം പൂർത്തീകരിച്ചുകൊടുത്തു.

പരേതന്റെ മാതൃസഹോദരി സീനത്ത് ഫൗസിയ പറയുന്നു: ഇവൻ തന്റെ സഹോദരന്മാരിൽ ഏറ്റവും ഇളയവനായിരുന്നു. എല്ലാവരും പറയുന്നത് കേൾക്കുകയും അവരുടെ കാര്യങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്യുമായിരുന്നു. ആക്രമണമുണ്ടായ ദിവസം വീട്ടിൽനിന്ന് പോകുമ്പോൾ ഇങ്ങനെ പറഞ്ഞിരുന്നു. 'മസ്ജിദ് സംരക്ഷിക്കാനാണ് പോകുന്നത്. അതിൽ വിജയിക്കാൻ കഴിഞ്ഞില്ലെങ്കിൽ ശഹീദാകുന്നതാണ്.' ഏതായാലും ശഹീദ് മർഹൂം വലിയവർക്കും ത്യാഗത്തിന്റെ ഒരു മാതൃകയാണ് സ്ഥാപിച്ചത്. അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. മാതാപിതാക്കൾക്കും കുടുംബക്കാർക്കും സഹനവും സ്ഥൈര്യവും നൽകുമാറാകട്ടെ.

അടുത്ത അനുസ്മരണം അറേബ്യയിലെ നമ്മുടെ ഒരു ആദ്യകാല സുഹൃത്തായ കബാബീറിലെ അബ്ദുല്ലാഹ് ആസാദ് ഔദേ സാഹിബിന്റേതാണ്. ഇത് ഞാൻ ജനാസ ഗായിബ് നമസ്കരിക്കുന്നതാണ്. കഴിഞ്ഞ ദിവസം തൊണ്ണൂറ്റിനാലാം വയസിൽ വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* കബാബീറിൽ അഹ്മദി മുബല്ലിഗുമാരുമായി ഏറെ സ്നേഹവും ബന്ധവുമുണ്ടായിരുന്ന ഒരു കുടുംബത്തിലാണ് അദ്ദേഹം വളർന്നത്. അവിടെയുള്ള മുബല്ലിഗുമാരുടെ ആത്മാർഥമായ പരിശ്രമവും ദുആകളും എല്ലാത്തിനുമുപരി ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് رضی اللہ عنہ ന്റേയും ദുആകളുടെ ഫലമായി കബാബീർ എപ്പോഴും അല്ലാഹുവിന്റെ സംരക്ഷണയിലും സമാധാനത്തിലുമായിരുന്നു. പ്രത്യേകിച്ചും ഫലസ്തീൻ യുദ്ധത്തിലും 1948-ൽ വലിയ തോതിലുണ്ടായ പലായനത്തിന്റെ സമയത്തും അല്ലാഹു കബാബീറിനെ കാത്തുസൂക്ഷിച്ചു. പരേതൻ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് رضی اللہ عنہന്റെ കാലഘട്ടം മുതൽ അവസാനം വരെയും അഹ്മദിയ്യ ഖലീഫമാരുമായി കത്തിടപാട് നടത്തുകയും അനുസരണത്തിലും ആത്മാർഥതയിലും വലിയ ബന്ധം സ്ഥാപിക്കുകയും ചെയ്തിരുന്നു. ആരംഭകാല മൂസികളിൽപ്പെട്ട ദേഹവുമാണ്. 1934-ൽ ഹദ്റത്ത് മൗലാനാ അബുൽ അത്വാ സാഹിബ് ജലന്ധരി അഹ്മദിയ്യ സ്കൂൾ തുറന്നപ്പോൾ പരേതൻ അതിൽ പ്രാഥമിക വിദ്യാഭ്യാസം കരസ്ഥമാക്കി. 1948-ൽ ഇംഗ്ലീഷ് സ്കൂളിൽ പ്രവേശനം നേടി. അവിടെ നിന്നാണ് മെട്രിക്ക് ചെയ്തത്. തുടർന്ന് അൽഖുദ്ദൂസ് യൂണിവേഴ്സിറ്റിയിൽനിന്ന് എം.എ ഡിഗ്രി നല്ല രീതിയിൽ പാസായി. 20 വർഷം വ്യവസായ വാണിജ്യ വകുപ്പിൽ ജോലി ചെയ്തു. അതിനുശേഷം സർക്കാരിന്റെ ഓഡിറ്റ് വകുപ്പിൽ വലിയ പദവിയിൽ ജോലി ചെയ്യാൻ തൗഫീഖ് ലഭിച്ചു. 1995-ൽ റിട്ടയർമെന്റിനുശേഷം മതകാര്യമന്ത്രാലയത്തിൽ ഇസ്‌ലാമിക വിഭാഗം സ്വദ്റായി ഓഫർ വന്നിരുന്നു. ചില മുസ്‌ലിം രാജ്യങ്ങൾ അഹ്മദിയാണെന്ന കാരണത്താൽ അതിനെ എതിർത്തു. അപ്പോൾ അദ്ദേഹം തന്റെ നിലപാടിലും അഹ്മദിയ്യത്തിലും ഉറച്ചുനിന്ന് പ്രസ്തുത ഓഫർ നിരാകരിച്ചു.

1945-ൽ ഹദ്റത്ത് ചൗദ്രരീ സഫറുല്ലാഹ് ഖാൻ സാഹിബ് യു.എൻ പ്രതിനിധി എന്ന നിലയിൽ ഫലസ്തീൻ പര്യടനത്തിന് പോയിരുന്നു. അപ്പോൾ മിഷൻ ഹൗസിലും വന്നിരുന്നു. അദ്ദേഹം ശരീഫ് ഓദേയുടെ പിതാമഹനായ മർഹൂം അബൂ സ്വലാഹ് മുഹമ്മദ് സ്വാലിഹ് ഓദേയുടെ വസതിയിലാണ് താമസിച്ചത്. അന്ന് മർഹൂം അബ്ദുല്ലാഹ് അസദ് സാഹിബിന് 15 വയസ്സായിരുന്നു. അദ്ദേഹം എല്ലാ ദിവസവും ചൗദ്രരീ സാഹിബിന്റെ സന്നിധിയിലെത്തുകയും അദ്ദേഹത്തിന് പത്രങ്ങളും മറ്റും എത്തിച്ചുകൊടുക്കുകയും ചെയ്തിരുന്നു.

പരേതൻ എപ്പോഴും മുബല്ലിഗുമാരുടെ കൂടെ കഴിഞ്ഞിരുന്നു. അദ്ദേഹം ജനറൽ സെക്രട്ടറി, തഅലീം തർബ്ബിയത്ത് സെക്രട്ടറി, ഉമൂറെ ഖാരിജ സെക്രട്ടറി, സ്വദ്ർ മജ്‌ലിസ് അൻസാറുല്ലാഹ്, ശതവാർഷിക ജൂബിലി സെക്രട്ടറി തുടങ്ങിയ പദവികളിൽ ജമാഅത്തുപരമായ സേവനങ്ങൾ ചെയ്തിട്ടുണ്ട്.

കബാബീറിൽ മദ്രസ അഹ്മദിയ്യ പുതുക്കിപ്പണിയുന്ന മഹത്തായ പദ്ധതിയിൽ മുബല്ലിഗ് ജലാലുദ്ദീൻ ഖമർ സാഹിബിന്റെ സഹായിയായിരുന്നു. കൂടാതെ വലിയ എഴുത്തുകാരനുമായിരുന്നു. അറബി മാസികയായ അൽ ബുശ്റയിൽ എഴുപത് വർഷത്തോളം പത്തിലേറെ ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. അദ്ദേഹം സൂറ കഹ്ഫിന്റെ തഫ്സീർ ഇംഗ്ലീഷിൽനിന്ന് അറബിയിലേക്ക് തർജമ ചെയ്തിട്ടുണ്ട്. അത് മുബല്ലിഗ് ഫള്ൽ ഇലാഹി ബശീർ സാഹിബിന്റെ കാലത്ത് പ്രസിദ്ധീകരിച്ചു.

അറേബ്യൻ രാജ്യങ്ങളിൽ അഹ്മദിയ്യാ ജമാഅത്തും ബഹായിസവും ഒരേ നാണയത്തിന്റെ ഇരുപുറങ്ങളാണെന്ന് പറഞ്ഞു ജമാഅത്തിന്റെ ശത്രുക്കൾ പ്രചാരണം നടത്തിയിരുന്നു. ജമാഅത്തിന് ബഹായികളുമായി കൂട്ടിച്ചേർത്തു പ്രചരിപ്പിച്ചിരുന്നു. അബ്ദുല്ലാഹ് അസദ് സാഹിബ് അതിന് വായടപ്പൻ മറുപടി നൽകിക്കൊണ്ട് അറബിയിൽ അൽ മുആമിറത്തുൽ കുബ്റാ എന്ന ശീർഷകത്തിൽ ഒരു ഗ്രന്ഥം രചിച്ചു. കൂടാതെ കബാബീർ ജമാഅത്തിന്റെ ചരിത്രം അൽ കബാബീർ ബലദീ എന്ന പേരിൽ ഒരു ഗ്രന്ഥമായി രചിച്ചിട്ടുണ്ട്.

വളരെ ആത്മാർഥനും അഭിമാനിയും ജമാഅത്തിന്റെ എല്ലാ കാര്യങ്ങളിലും അഭിമാനബോധമുള്ള ജമാഅത്തിന്റെ സത്യസന്ധനായ സേവകനുമായിരുന്നു. പാർലമെന്റ് മെമ്പറാകുന്നതിനും അദ്ദേഹത്തിന് ഓഫറുണ്ടായിരുന്നു. പക്ഷേ, അദ്ദേഹം രാഷ്ട്രീയത്തിന് അതിന്റേതായ തത്ത്വങ്ങളുണ്ടെന്നും തന്റെ തത്ത്വം അഹ്മദിയത്താണെന്നും പറഞ്ഞു പ്രസ്തുത ഓഫർ നിരാകരിച്ചു. പരേതന്റെ മകൻ ഖാലിദ് അബ്ദുല്ലാഹ് പറയുന്നു: 'ചില സമയത്ത് പിതാവ് ജമാഅത്തുപരമായ ജോലികളിൽ വ്യാപൃതനായിരിക്കു

ശേഷം പേജ് 11 ൽ


• ഹദീഥുന്നബ്‌വി ﷺ •

"ഹദ്റത്ത് ആഇശ رضی اللہ عنہا തന്റെ മുറിയുടെ ഒരു ഭാഗം ചെമന്ന കമ്പിളികൊണ്ട് മറച്ചിരുന്നു. നബി ﷺ തിരുമേനി പറഞ്ഞു: നിന്റെ വിരി നമ്മിൽനിന്ന് മാറ്റുക. കാരണം നമസ്കാരത്തിൽ അതിലെ ചിത്രങ്ങൾ നമ്മുടെ മുമ്പിൽ വരുന്നു."

(ബുഖാരി. 8:15)

ത്വാലിബെ ദുആ

**E.H.NAJEEB AND FAMILY**
KAKKANAD, ERNAKULAM

• ഹദീഥുന്നബ്‌വി ﷺ •

"നമസ്കരിക്കുന്ന ഒരാളെ മറികടക്കുന്നയാൾ, അയാളിലുള്ള ചുമട് എന്താണെന്ന് അറിഞ്ഞിരുന്നെങ്കിൽ അയാളെ മറികടക്കുന്നതിനെക്കാൾ നാൽപതു (ദിവസം) അയാൾ കാത്തിരിക്കുമായിരുന്നു." (ബുഖാരി. 8:101)

ത്വാലിബെ ദുആ

**P. SAFFAR AHMAD &FAMILY**
JAMA'ATH KARULAI, MALAPPURAM,KERALA.

## ഖുത്ബ ജുമുഅ

**ഉർവാ പറഞ്ഞു: 'ജനങ്ങളേ! ഞാൻ പ്രതിനിധി എന്ന നിലയ്ക്ക് രാജാക്കന്മാരുടെയും കൊട്ടാരങ്ങളിലും കൈസറിന്റെയും കിസ്റയുടെയും നജ്ജാശിയുടെയും സദസ്സുകളിലും പോയിട്ടുണ്ട്. ദൈവമാണെ സത്യം! ഞാനൊരിക്കലുംതന്നെ മുഹമ്മദ്ﷺന്റെ അനുയായികൾ അദ്ദേഹത്തോടു കാണിക്കുന്നതു പോലുള്ള അനുസരണം ഈ രാജാക്കന്മാരുടെ ആളുകൾ അവരോടു കാണിക്കുന്നത് കണ്ടിട്ടില്ല.**

**നബിﷺതിരുമേനി പറഞ്ഞു: "ഞങ്ങൾ യുദ്ധോദ്ദേശ്യവുമായിട്ടല്ല വന്നിട്ടുള്ളത്, പ്രത്യുത ഉംറ ചെയ്യുക എന്ന നിയ്യത്തുമായാണ് വന്നിട്ടുള്ളത്. കഷ്ടകരമെന്നുപറയട്ടെ, ഇങ്ങനെയായിട്ടും യുദ്ധാഗ്നി മക്കയിലെ ഖുറയ്ശികളെ കത്തിച്ച് ചാമ്പലാക്കിയിരിക്കുന്നു. എന്നിട്ടും അവർ പിന്മാറുന്നില്ല. ഞാൻ അവരുമായി ഒരു കാര്യത്തിൽ സന്ധി ചെയ്യാനും തയ്യാറാണ്. അവർ എനിക്കെതിരെയുള്ള യുദ്ധം നിറുത്തിവെച്ച് എന്നെ മറ്റുള്ളവരോടൊപ്പം സ്വതന്ത്രമായി വിടുക. എന്നാൽ, അവർ എന്റെ ഈ നിർദ്ദേശത്തെ തിരസ്കരിക്കുകയും യുദ്ധാഗ്നി കത്തിച്ചു നിറുത്തുകയുമാണെങ്കിൽ എന്റെ ജീവൻ ആരുടെ കൈയിലാണോ ഉള്ളത്, അവനാണെ സത്യം! പിന്നെ ഈ വഴിയിൽ എന്റെ ജീവൻ ത്യജിക്കപ്പെടുന്നതുവരെ അതല്ലെങ്കിൽ എനിക്ക് വിജയം കിട്ടുന്നതുവരെ ഞാനും പിന്മാറുന്നതല്ല."**

**നബിﷺതിരുമേനിയുടെ പിന്നിൽ ഇരിക്കുകയായിരുന്ന ഹദ്റത്ത് അബൂബക്റിന് ദ്വേഷം വന്നു. അദ്ദേഹം പറഞ്ഞു: 'നിങ്ങൾ നിങ്ങളുടെ വിഗ്രഹമായ ലാത്തിനെ ഉമ്മവെച്ചു കഴിച്ചുകൂട്ടിക്കൊള്ളുക.' അതായത്, അതിനെ പൂജിച്ചുകൊള്ളുക. മറ്റു കാര്യങ്ങളൊന്നും ഞങ്ങളോടു പറയണ്ട. എന്ത് ഞങ്ങൾ നബിﷺതിരുമേനിയെ ഉപേക്ഷിച്ചു പോകുമെന്നോ?'**

**ഖുറയ്ശികൾ സമാധാനഭംഗമുണ്ടാക്കിക്കൊണ്ടിരുന്നു. എന്നാൽ, നബിﷺതിരുമേനി അതൊക്കെ മാപ്പാക്കി കൊടുത്തുകൊണ്ടുമിരുന്നു. അവിടന്ന് സ്വഹാബത്തിനോടു പറഞ്ഞു:'വരുവിൻ! എന്റെ കൈയിൽ കൈ തന്നുകൊണ്ട് ഇങ്ങനെ പ്രതിജ്ഞ ചെയ്യുവിൻ. നിങ്ങളിലാരുംതന്നെ പിന്തിരിഞ്ഞു പോകുന്നതല്ല, തങ്ങളുടെ ജീവൻ വെച്ച് കളിക്കേണ്ടി വന്നാലും ഒരവസരത്തിലും തങ്ങളുടെ സ്ഥലത്തു നിന്ന് മാറുന്നതല്ല.'**

**ബയ്അത്ത് നടക്കുമ്പോൾ നബിﷺതിരുമേനി തന്റെ ഇടതുകൈ തന്റെ വലതു കൈക്കുമേൽ വെച്ച് കൊണ്ട് പറഞ്ഞു, ഇത് ഉഥ്മാന്റെ കൈയാകുന്നു. കാരണം അദ്ദേഹം ഇവിടെ ഉണ്ടായിരുന്നെങ്കിൽ ഈ കച്ചവടത്തിൽനിന്ന് ഒരിക്കലും പിന്മാറില്ലായിരുന്നു. പക്ഷേ, ഇപ്പോൾ അദ്ദേഹം അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും ജോലികളിൽ വ്യാപൃതനാണ്."**

**സ്വഹാബാക്കൾ രിള്‌വാൻ ബയ്അത്തിനെ സംബന്ധിച്ച് പറയുമ്പോൾ ഈ ബയ്അത്ത് മരണത്തിന് വേണ്ടിയുള്ള ഒരു പ്രതിജ്ഞയായിരുന്നുവെന്ന് പറയുമായിരുന്നു. അതായത്, മുസ്ലിമീങ്ങൾ ഇസ്ലാമിനുവേണ്ടിയും ഇസ്ലാമിന്റെ അന്തസ്സിനുവേണ്ടിയും തങ്ങളുടെ ജീവൻ ത്യജിക്കുന്നതാണ്. എന്നാലും പിന്നോട്ടു മാറുന്നതല്ല. ഈ ബയ്ത്തിന്റെ ഒരു പ്രധാന ഘടകമെന്തെന്നാൽ, ഈ ഉടമ്പടി കേവലം സാന്ദർഭികമായൊരു താൽക്കാലിക ആവേശത്തിലുള്ള വാചോടാപം അല്ലായിരുന്നു. പ്രത്യുത ഹൃദയത്തിന്റെ ഉള്ളിൽ നിന്നുള്ള ഒരു ശബ്ദമായിരുന്നു. അതിന് പിന്നിൽ മുസ്ലിമീങ്ങളുടെ എല്ലാ ശക്തികളും ഒരേകബിന്ദുവിൽ കേന്ദ്രീകരിച്ചിരുന്നു.**

**ഹുദയ്ബിയ യുദ്ധത്തിന്റെ അവസ്ഥകളുടേയും സംഭവങ്ങളുടേയും രിള്‌വാൻ ബയ്അത്തിന്റെ വിശദീകരണങ്ങളുടേയും സ്വാധീനഭരിതമായ വിവരണവും ലോകത്തിന്റെ അവസ്ഥ മുന്നിൽകണ്ട് ദുആകൾ ചെയ്യാനും സംരക്ഷണപരമായ ഉപായങ്ങൾ സ്വീകരിക്കാനുമുള്ള ഓർമപ്പെടുത്തലും.**

**ഏറ്റവും പ്രധാനപ്പെട്ട സംഗതി അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുന്നതിന് ശ്രമിക്കുക എന്നതാകുന്നു. അവന്റെ തൃപ്തി കരസ്ഥമാക്കുന്നതിന് പരിശ്രമമുണ്ടാവുകയാണെങ്കിൽ അവനുമായുള്ള ബന്ധം ഉണ്ടാക്കാനും ശ്രമമുണ്ടാകുന്നതാണ്. അതിൽ മുന്നേറുന്നതിനും ശ്രമിച്ചുകൊണ്ടിരിക്കുക.**

**ഖുത്ബ ജുമുഅ 2024 നവംബർ 22, 1403 നബുവ്വത്ത് 22,**
**മസ്ജിദ് മുബാറക്, ഇസ്ലാമാബാദ്, ടിൽഫോർഡ് (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഹുദയ്ബിയയെ കുറിച്ചാണ് പറഞ്ഞുവരുന്നത്. ഇത് സംബന്ധിച്ച് ബുദയ്ൽ ബിൻ വർഖാഅ് ഖുസായിയും മറ്റു ഖുറയ്ശീ സന്ദേശ വാഹകരും നബിﷺതിരുമേനിയുടെ അടുത്ത് വന്നതിനെ പറ്റിയും പരാമർശം കാണപ്പെടുന്നുണ്ട്. ഇതിന്റെ വിശദീകരണത്തിൽ ഹദ്റത്ത് മിർസ ബശീർ അഹ്മദ് സാഹിബ് رضی اللہ عنہ വിവരിക്കുന്നു: "നബിﷺതിരുമേനി ഹുദയ്ബിയ താഴ്‌വരയിലെത്തിയപ്പോൾ ആ താഴ്‌വരയിലെ അരുവിയുടെ അടുത്താണ് തമ്പടിച്ചത്. ഈ സ്ഥലത്ത് സ്വഹാബാക്കൾ താവളമടിച്ചു കഴിഞ്ഞപ്പോൾ അതിന്റെ സമീപ പ്രദേശത്ത് താമസിക്കുന്ന ഖുസാഅ ഗോത്രത്തിലെ അറിയപ്പെടുന്ന ഒരു നേതാവ് ബുദയ്ൽ ബിൻ വർഖാഅ് തന്റെ ഏതാനും സുഹൃത്തുക്കളെയും കൂട്ടി നബിﷺതിരുമേനിയുമായി കൂടിക്കാഴ്ചയ്ക്ക് വന്നു. അയാൾ നബിﷺതിരുമേനിയോടു പറഞ്ഞു: "മക്കയിലെ മൂപ്പന്മാർ യുദ്ധത്തിനു വേണ്ടി തയ്യാറായി നിൽക്കുകയാണ്. അവരൊരിക്കലും താങ്കളെ

മക്കയിൽ പ്രവേശിക്കാൻ സമ്മതിക്കുകയില്ല."

നബിﷺതിരുമേനി പറഞ്ഞു: "ഞങ്ങൾ യുദ്ധോദ്ദേശ്യവുമായിട്ടല്ല വന്നിട്ടുള്ളത്, പ്രത്യുത ഉംറ ചെയ്യുക എന്ന നിയ്യത്തുമായാണ് വന്നിട്ടുള്ളത്. കഷ്ടകരമെന്നുപറയട്ടെ, ഇങ്ങനെയായിട്ടും യുദ്ധാഗ്നി മക്കയിലെ ഖുറയ്ശികളെ കത്തിച്ച് ചാമ്പലാക്കിയിരിക്കുന്നു. എന്നിട്ടും അവർ പിന്മാറുന്നില്ല. ഞാൻ അവരുമായി ഒരു കാര്യത്തിൽ സന്ധി ചെയ്യാനും തയ്യാറാണ്. അവർ എനിക്കെതിരെയുള്ള യുദ്ധം നിറുത്തിവെച്ച് എന്നെ മറ്റുള്ളവരോടൊപ്പം സ്വതന്ത്രമായി വിടുക. എന്നാൽ, അവർ എന്റെ ഈ നിർദ്ദേശത്തെ തിരസ്കരിക്കുകയും യുദ്ധാഗ്നി കത്തിച്ചു നിറുത്തുകയുമാണെങ്കിൽ എന്റെ ജീവൻ ആരുടെ കൈയിലാണോ ഉള്ളത്, അവനാണെ സത്യം! പിന്നെ ഈ വഴിയിൽ എന്റെ ജീവൻ ത്യജിക്കപ്പെടുന്നതുവരെ അതല്ലെങ്കിൽ എനിക്ക് വിജയം കിട്ടുന്നതുവരെ ഞാനും പിന്മാറുന്നതല്ല."

ഞാൻ അവരുമായി പൊരുതി നശിപ്പിക്കപ്പെടുകയാണെങ്കിൽ അതോടെ കഥകൾത്തീരുന്നു. എന്നാൽ, അല്ലാഹു എനിക്ക് വിജയം നൽകുകയും ഞാൻ കൊണ്ടുവന്ന ദീനിനു വിജയം പ്രദാനം ചെയ്യുകയുമാണെങ്കിൽപ്പിന്നെ മക്കക്കാരും വിശ്വസിക്കുന്ന കാര്യത്തിൽ അമാന്തം കാണിക്കരുത്. ഈ ആത്മാർഥവും ഉള്ളുലയ്ക്കുന്നതുമായ പ്രഭാഷണം ബുദയ്ൽ ബിൻ വർഖായെ വളരെയേറെ സ്വാധീനിച്ചു. അയാൾ നബിﷺതിരുമേനിയോടു പറഞ്ഞു: "എനിക്ക് അങ്ങ് സാവകാശം നല്കിയാലും, ഞാൻ മക്കയിൽപോയി അങ്ങയുടെ സന്ദേശമെത്തിക്കാം. രഞ്ജിപ്പിനു പരിശ്രമിക്കാം." നബിﷺതിരുമേനി അനുമതി നൽകി. ബുദയ്ൽ തന്റെ ഗോത്രത്തിലെ ഏതാനും ആളുകളെയുംകൂട്ടി മക്കയ്ക്ക് പുറപ്പെട്ടു. ബുദയ്ൽ ബിൻ വർഖാഅ് മക്കയിലെത്തി ഖുറയ്ശികളെ ഒരുമിച്ചുകൂട്ടി അവരോടു പറഞ്ഞു: 'ഞാൻ മുഹമ്മദ് റസൂലുല്ലാഹിﷺയുടെ അടുക്കൽ നിന്നാണ് വരുന്നത്. എനിക്ക് മുന്നിൽ അദ്ദേഹം ഒരു അഭിപ്രായം വെച്ചിട്ടുണ്ട്. നിങ്ങൾ അനുമതി നൽകുന്നുവെങ്കിൽ ഞാനത് വ്യക്തമാക്കാം. അപ്പോൾ ഖുറയ്ശികളിലെ കോപാദിവികാരങ്ങൾകൊണ്ട് സ്വബോധം നഷ്ടപ്പെട്ടവരും നിരുത്തരവാദികളുമായ ആളുകൾ പറഞ്ഞു: 'ഞങ്ങൾ ആ വ്യക്തിയുടെ ഒരു കാര്യവും കേൾക്കാൻ തയ്യാറല്ല, അതായത് നബിﷺതിരുമേനിയുടെ ഒരു കാര്യവും കേൾക്കാൻ തയ്യാറല്ല. പക്ഷേ, കാര്യബോധമുള്ള ആളുകൾ പറഞ്ഞു: 'അതെ! എന്ത് അഭിപ്രായമാണെങ്കിലും അത് ഞങ്ങളെ അറിയിക്കുക.' അപ്പോൾ ബുദയ്ൽ നബിﷺതിരുമേനിയുടെ അഭിപ്രായം അവിടെ ആവർത്തിച്ചു.*(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ്ؓഎം.എ. പേജ് 755-756)*

ഉർവ നബിﷺതിരുമേനിയുടെ സന്നിധിയിൽപോയി. അതിന്റെ വിശദീകരണത്തിലെഴുതുന്നു:"ഉർവാ നബിﷺതിരുമേനിയുടെ അടുത്തുവന്നു. പറഞ്ഞു: മുഹമ്മദേﷺ!ഞാൻ കഅ്ബ് ബിൻ ലുവയ്യിനേയും ആമിർ ബിൻ ലുവയ്യിനേയും ഹുദയ്ബിയയിലെ ജലാശയത്തിന്നടുത്ത് വിട്ടിരിക്കുന്നു. അവരുടെ പക്കൽ കറവയുള്ള ഒട്ടകങ്ങളുണ്ട്. ഖുറയ്ശികളുടെ സൗഹൃദത്തിലുള്ള ഗോത്രങ്ങളായ അഹാബീശ് (അഹാബീശ് ഖുറയ്ശികളുടെ സഖ്യകക്ഷിയായിരുന്നു. അവർ ഹബ്ശി എന്നു പേരുള്ള മലയടിവാരത്തുവെച്ച് ശപഥം ചെയ്തവരായിരുന്നു. അതുകൊണ്ടാണ് അവരെ അഹാബീശ് എന്ന് പറയുന്നത്.) അവരുടെ അനുയായികളെ വിളിച്ചു. അവർ പുലിത്തോൽ അണിഞ്ഞിട്ടുണ്ടായിരുന്നു. അതായത് സത്യനിഷേധികൾ പുലിത്തോലണിഞ്ഞ് യുദ്ധത്തിന് തയ്യാറായിട്ടുണ്ടായിരുന്നു. അവർ ബയ്ത്തുല്ലാക്കും നബിﷺതിരുമേനിക്കുമിടയിൽ, നബിﷺതിരുമേനി അവരെ നശിപ്പിക്കുകയാണെങ്കിൽ പോലും നബിﷺതിരുമേനിക്കുവേണ്ടി വഴി വിട്ടു നൽകുകയില്ലെന്ന് ശപഥം ചെയ്തവരുമായിരുന്നു. അവർ പറഞ്ഞു: തീർച്ചയായും താങ്കളും അവരുമായുള്ള യുദ്ധത്തിൽ രണ്ടിലൊന്ന് തീരുമാനമാകുന്നതാണ്. അതായത്, നബിﷺതിരുമേനിയോട് പറഞ്ഞു: 'ഒന്നുകിൽ താങ്കൾ താങ്കളുടെ സമൂഹത്തെ നശിപ്പിക്കും. ഇന്നുവരെയും ഒരാളും തന്നെ സ്വന്തം സമൂഹത്തെ നശിപ്പിക്കുകയും തങ്ങളുടെ ഭവനങ്ങളെ നശിപ്പിക്കുകയും കൂടെയുള്ള ആളുകളെ നിന്ദ്യരാക്കുകയും ചെയ്തതായി കേട്ടിട്ടില്ല.' അതായത്, നബിﷺതിരുമേനിയുടെ കൂടെയുള്ളവർ ഭീരുക്കളാണെന്ന് പറഞ്ഞ്ഭയപ്പെടുത്താൻ ശ്രമിക്കുകയായിരുന്നു. അയാൾ സ്വഹാബാക്കളെ സംബന്ധിച്ച് ദുർധാരണയോടുകൂടി പറഞ്ഞു: 'താങ്കളുടെ കൂടെ കാണാൻ കഴയുന്ന പല മുഖങ്ങളും പിന്തിരിഞ്ഞോടുന്നവരാണെന്ന് എനിക്ക് തോന്നുന്നു.' ഒരു നിവേദനത്തിൽ പറയുന്നു: ഇവരിൽ പലരുടെയും മുഖം, അവരുടെ കുടുംബത്തെയും സ്വഭാവത്തെയും കുറിച്ച് എനിക്കറിയില്ല. അവർ പിന്തിരിഞ്ഞോടുമെന്നും താങ്കളെ ഒഴിവാക്കുമെന്നുമാണ് ഞാൻ കരുതുന്നത്.' മറ്റൊരു നിവേദനത്തിൽ പറയുന്നു: താങ്കൾ ഖുറയ്ശികളുമായി യുദ്ധം ചെയ്യുകയാണെങ്കിൽ ഇവർ താങ്കളെ ഖുറയ്ശികളുടെ കൈയിൽ ഏൽപ്പിക്കുന്നതായിരിക്കും. അങ്ങനെ അയാൾ നബിﷺതിരുമേനിയെ സ്വാധീനിക്കാനും ഭയപ്പെടുത്താനും ശ്രമിച്ചു. അവർ താങ്കളെ ബന്ദിയാക്കുകയാണെങ്കിൽപ്പിന്നെ അതിനേക്കാളും പ്രയാസകരമായ മറ്റെന്താണുള്ളത്? ആ സമയത്ത് നബിﷺതിരുമേനിയുടെ പിന്നിൽ ഇരിക്കുകയായിരുന്ന ഹദ്റത്ത് അബൂബക്റിന് ദ്വേഷം വന്നു. അദ്ദേഹം പറഞ്ഞു: 'നിങ്ങൾ നിങ്ങളുടെ വിഗ്രഹമായ ലാത്തിനെ ഉമ്മവെച്ചു കഴിച്ചുകൂട്ടിക്കൊള്ളുക.' അതായത്, അതിനെ പൂജിച്ചുകൊള്ളുക. മറ്റു കാര്യങ്ങളൊന്നും ഞങ്ങളോടു പറയണ്ട. എന്ത് ഞങ്ങൾ നബിﷺതിരുമേനിയെ ഉപേക്ഷിച്ചു പോകുമെന്നോ?'

അപ്പോൾ ഉർവ ചോദിച്ചു, ഇതാരാണ്? അവർ പറഞ്ഞു: അബൂബക്ർ! അപ്പോൾ ഉർവ പറഞ്ഞു: ദൈവമാണെ സത്യം, എനിക്കുമേൽ നിങ്ങളുടെ ഒരു ഔദാര്യമില്ലായിരുന്നെങ്കിൽ ഞാൻ ഇതിന് തീർച്ചയായും മറുപടി നൽകുമായിരുന്നു. ഏതോ കാലത്ത് ഉർവയോടു ഹദ്റത്ത് അബൂബക്ർ ؓ ഔദാര്യം ചെയ്തിട്ടുണ്ടായിരുന്നു. അത് സംബന്ധിച്ച് പറയുന്നു, ഉർവ ദിയാധനം കൊടുക്കുന്നതിന് സഹായം അഭ്യർഥിച്ചിരുന്നു. അയാൾ ആരെയോ കൊല്ലുകയും അതിന് ദിയാധനം കൊടുക്കാനുമുണ്ടായിരുന്നു. അയാൾ സഹായം അഭ്യർഥിച്ചപ്പോൾ ഒരാൾ രണ്ടും വേറൊരാൾ മൂന്നും ഒട്ടകങ്ങൾ കൊടുത്തു. അതേസമയം ഹദ്റത്ത് അബൂബക്ർؓപത്ത് ഒട്ടകം കൊടുത്ത് സഹായിച്ചു. ഹദ്റത്ത് അബൂബക്ർؓഈ ഔദാര്യമാണ് ഉർവയോടു കാണിച്ചത്.

പിന്നീട് ഉർവ്വ നബിﷺതിരുമേനിയോട് സംസാരം തുടർന്നു. അയാൾ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ നബിﷺതിരുമേനിയുടെ താടിയിൽ തൊട്ടിരുന്നു. ഹദ്റത്ത് മുഗീറ ബിൻ ശുഅ്ബؓ, നബിﷺതിരുമേനിയുടെ അടുക്കൽ വാളുമേന്തി നിന്നിരുന്നു. തലയിൽ പടത്തൊപ്പിയും അണിഞ്ഞിട്ടുണ്ടായിരുന്നു. ഉർവ സംസാരിക്കാൻ മുന്നോട്ട് ഗമിക്കുമ്പോൾ അയാൾ തന്റെ കൈ മുന്നോട്ട് കൊണ്ടുവന്ന നബിﷺതിരുമേനിയുടെ പരിശുദ്ധ താടിയിൽ തൊടുമായിരുന്നു. അപ്പോൾ ഹദ്റത്ത് മുഗീറؓതന്റെ വാളുകൊണ്ട് അയാളുടെ കൈ തട്ടിമാറ്റിയിട്ട് പറഞ്ഞു: "ഈ വാൾ നിന്റെ അടുക്കലെത്തുന്നതിനു മുമ്പേ നബിﷺതിരുമേനിയുടെ താടിയിൽ തൊടുന്നതിൽനിന്ന് നിന്റെ കൈ നീ നിയന്ത്രിച്ചുകൊള്ളുക. കാരണം ഒരു മുശ്രിക്കിന്റെ കൈ നബിﷺതിരുമേനിയുടെ താടിയിൽ തൊടുന്നത് ശരിയല്ല." ഉർവ തല യുയർത്തി ചോദിച്ചു, ഇതാരാണ്? ആളുകൾ പറഞ്ഞു, 'മുഗീറ ബിൻ ശുഅ്ബ.' ഒരു നിവേദനത്തിലുണ്ട്, നബിﷺതിരുമേനി പറഞ്ഞു: "ഇത് നിങ്ങളുടെ സഹോദരപുത്രൻ മുഗീറ ബിൻ ശുഅ്ബയാകുന്നു." അയാൾ പറഞ്ഞു: 'നന്ദികെട്ടവനേ!ഞാൻ നിന്റെ നന്ദികേടിനെ നന്നാക്കാൻ ശ്രമിച്ചിരുന്നില്ല.' അതിന്റെ വിശദീകരണത്തിൽ പറയുന്നു: "ഹദ്റത്ത് മുഗീറ ജാഹിലിയ്യ കാലഘട്ടത്തിൽ കുറച്ചാളുകളുടെ കൂടെ പോവുകയായിരുന്നു. അദ്ദേഹം ഒരാളെ വധിക്കുകയും അയാളുടെ സമ്പത്ത് കൈക്കലാക്കുകയും ചെയ്തു. പിന്നീട് വന്ന് ഇസ്‌ലാം സ്വീകരിച്ചു. അപ്പോൾ നബിﷺതിരുമേനി പറഞ്ഞു, 'ഇസ്‌ലാമിനെ സംബന്ധിച്ചിടത്തോളം ഞാൻ നിന്നെ സ്വീകരിക്കുന്നു. അതെസമയം സമ്പത്തുമായി ബന്ധപ്പെട്ട കാര്യത്തിൽ എനിക്ക് ഒരു ബന്ധവുമില്ല.' ബുഖാരിയുടെ നിവേദനമാണ്. ഏതായാലും, മുഗീറയ്ക്കും ഇക്കാര്യത്തിൽ സഹായം കിട്ടിയിട്ടുണ്ടാകാം. ഉർവ സഹായിച്ചിട്ടുണ്ടാകാം. പിന്നീട് ഉർവ നബിﷺതിരുമേനിയുടെ സ്വഹാബാക്കളെ സൂക്ഷിച്ച് നോക്കാൻ തുടങ്ങി. നബിﷺതിരുമേനി ഉമിനീർ തുപ്പുമ്പോൾ സ്വഹാബാക്കൾ അത് കൈകളിലാക്കുകയും തങ്ങളുടെ മുഖത്തും നെഞ്ചത്തും തേക്കുകയും ചെയ്തിരുന്നു. നബിﷺതിരുമേനി സ്വഹാബാക്കൾക്ക് കൽപ്പന കൊടുക്കുമ്പോൾ അവരത് ഉടൻ പ്രാവർത്തികമാക്കിയിരുന്നു. നബിﷺതിരുമേനി വുളു ചെയ്യുമ്പോൾ അതിന്റെ വെള്ളം കരസ്ഥമാക്കാൻ മത്സരിക്കുമായിരുന്നു. ഒരു മുടിപോലും താഴെ വീഴാൻ ഇടവരുത്തുമായിരുന്നില്ല. പ്രത്യുത അതും അവർ കൈയിലെടുക്കുമായിരുന്നു. നബിﷺതിരുമേനിക്ക് മുന്നിൽ അവർ ശബ്ദം താഴ്ത്തിയിരുന്നു. നബിﷺതിരുമേനിയോടുള്ള ആദരവ് കാരണം അവർ നബിﷺതിരുമേനിയെ കണ്ണുവെട്ടിച്ച് നോക്കുകയോ മുഖമുയർത്തി നോക്കുകയോ ചെയ്യുമായിരുന്നില്ല. അങ്ങനെ ഉർവ നബിﷺതിരുമേനിയുമായി സംസാരം പൂർത്തിയാക്കിയപ്പോൾ നബിﷺതിരുമേനി ഉർവയോടും ബുദയ്ൽ ബിൻ വർഖായോടും പറഞ്ഞ കാര്യങ്ങൾ തന്നെയാണ് പറഞ്ഞത്. ഒരു നിശ്ചിതകാലംവരെ രഞ്ജിപ്പിനുള്ള അഭിപ്രായവും പറഞ്ഞു.

പിന്നീട് ഉർവാ ഖുറയ്ശികളുടെ അടുത്തുവന്ന് പറഞ്ഞു: 'ജനങ്ങളേ! ഞാൻ പ്രതിനിധി എന്ന നിലയ്ക്ക്


രാജാക്കന്മാരുടെ കൊട്ടാരങ്ങളിലും കൈസറിന്റെയും കിസറയുടെയും നജ്ജാശിയുടെയും സദസ്സുകളിലും പോയിട്ടുണ്ട്. ദൈവമാണെ സത്യം! ഞാനൊരിക്കലുംതന്നെ മുഹമ്മദ്ﷺന്റെ അനുയായികൾ അദ്ദേഹത്തോടു കാണിക്കുന്നതു പോലുള്ള അനുസരണം ഈ രാജാക്കന്മാരുടെ ആളുകൾ അവരോടു കാണിക്കുന്നത് കണ്ടിട്ടില്ല. നബിﷺതിരുമേനിയെ സത്യനിഷേധികളെ സംബന്ധിച്ച് പറഞ്ഞ് ഭയപ്പെടുത്താൻ വന്നയാൾ ഈ സംഭവങ്ങൾ(ദൃശ്യങ്ങൾ) കണ്ടപ്പോൾ അതിൽ പ്രഭാവിതനായി. ആ കാര്യങ്ങൾ പോയി സത്യനിഷേധികളോട് പറഞ്ഞു. പറയുന്നു: 'ദൈവമാണെ സത്യം! സ്വഹാബാക്കൾ മുഹമ്മദ്ﷺനോടു കാണിക്കുന്ന ആദരവ് ഒരാളുംതന്നെ രാജാക്കന്മാരോടു കാണിക്കുന്നത് ഞാൻ കണ്ടിട്ടില്ല. അത്തരത്തിലുള്ള രാജാവിനെയും ഞാൻ കണ്ടിട്ടില്ല. അദ്ദേഹം ഉമിനീര് തുപ്പുമ്പോൾ അദ്ദേഹത്തിന്റെ കൂട്ടുകാർ അത് തങ്ങളുടെ കൈകളിലെടുത്ത് മുഖത്തും നെഞ്ചത്തും തടവുന്നു. എന്തെങ്കിലും കല്പന നൽകുമ്പോൾ അവരത് ഉടൻതന്നെ പ്രാവർത്തികമാക്കുന്നു. വുളു ചെയ്യുമ്പോൾ അതിന്റെ വെള്ളമെടുക്കാൻ മത്സരിക്കുന്നു. അദ്ദേഹത്തിന്റെ തലമുടിപോലും താഴെ വീഴുമ്പോൾ അതെടുത്ത് സൂക്ഷിച്ചു വയ്ക്കുന്നു. അദ്ദേഹത്തിന്റെ മുന്നിൽ അദ്ദേഹത്തിന്റെ അനുയായികൾ ഉച്ചത്തിൽ സംസാരിക്കാറില്ല. ആദരവ് കാരണം ആരുംതന്നെ അദ്ദേഹത്തിന്റെ മുഖത്ത് തുറിച്ചു നോക്കുന്നില്ല. അദ്ദേഹത്തിന്റെ അനുവാദം കൂടാതെ ആരും സംസാരിക്കുന്നില്ല, അദ്ദേഹം അനുവാദം നൽകുമ്പോൾ മാത്രമാണ് സ്വഹാബാക്കൾ സംസാരിക്കുന്നത്, അനുവാദം കൊടുക്കുന്നില്ലെങ്കിൽ എല്ലാവരും നിശബ്ദരായിരിക്കുന്നു. അതോടൊപ്പംതന്നെ അയാൾ പറഞ്ഞു: അദ്ദേഹം നിങ്ങൾക്ക് മറ്റൊരു നന്മയെ സംബന്ധിച്ചും പറയുന്നുണ്ട്. അതായത് നബിﷺതിരുമേനി ഒരു നന്മയുടെ കാര്യമാണ് പറയുന്നത്, അത് നിങ്ങൾ സ്വീകരിക്കുക. പറയുന്നു: തീർച്ചയായും ഞാനെന്റെ സമൂഹത്തെ പറ്റി മുൻകരുതൽ ചെയ്തിട്ടുണ്ട്. നിങ്ങൾ തീർച്ചയായും അറിഞ്ഞുകൊള്ളുക! അദ്ദേഹത്തോടു വാളുമായി പൊരുതാനാണെങ്കിൽ അദ്ദേഹവും നിങ്ങൾക്കെതിരിൽ വാൾ ഉപയോഗിക്കുന്നതാണ്. നിങ്ങൾ അവരുടെ സുഹൃത്തിനെ തടയുകയാണെങ്കിൽ അതായത് നബിﷺതിരുമേനിയെ തടയുകയാണെങ്കിൽ പിന്നെ അവരോടെന്താണ് ഉണ്ടാവുക എന്ന കാര്യം പോലും അവർ ഗൗനിക്കുകയില്ല എന്നാണ് ഞാൻ കരുതുന്നത്. ദൈവമാണെ സത്യം! ഞാൻ അദ്ദേഹത്തിന്റെ കൂടെയുള്ള സ്ത്രീകളെയും കണ്ടിട്ടുണ്ട്. അവർ അദ്ദേഹത്തെ നമ്മുടെ കൈയിൽ വിട്ടുതരുന്നതല്ല. അല്ലയോ എന്റെ സമൂഹമേ! നിങ്ങളുടെ തീരുമാനം മാറ്റുക, അദ്ദേഹത്തിന്റെ അടുത്ത് പോവുക, അദ്ദേഹം നമ്മളോടു പറയുന്ന കാര്യങ്ങൾ സ്വീകരിക്കുക. അതായത് നബിയുടെ രഞ്ജിപ്പിനുള്ള നിർദ്ദേശവും ഉംറ ചെയ്യാനുള്ള കാര്യവും അംഗീകരിച്ച് കൊടുക്കുക. അയാൾ തുടർന്നു: ഞാൻ നിങ്ങളുടെ ഗുണകാംക്ഷിയാണ്, അതോടൊപ്പം തന്നെ ബയ്ത്തുല്ലാഹ് സന്ദർശിക്കാൻ വരുന്ന ഒരാൾക്കെതിരെ നിങ്ങളെ സഹായിക്കാൻ എനിക്ക് കഴിയില്ലല്ലോ എന്ന ആശങ്കയുമുണ്ട്. അദ്ദേഹത്തിന്റെ പക്കൽ ബലിചെയ്യാനുള്ള മൃഗങ്ങളുണ്ട്. അതിനെ അവർ ബലിയറക്കുന്നതാണ്. പിന്നെ തിരിച്ചുപോകും. അപ്പോൾ ഖുറയ്ശികൾ പറഞ്ഞു: "അല്ലയോ അബൂ യഅ്ഫൂർ! അതായത് ഉർവയോടു പറഞ്ഞു: 'ഈ കാര്യങ്ങൾ ഞങ്ങളോടു പറയണ്ട. നീ അല്ലാതെ മറ്റാരെങ്കിലും ഇങ്ങനെയുള്ള കാര്യങ്ങൾ പറയുന്നുണ്ടോ? ഞങ്ങൾ ഈ വർഷം അദ്ദേഹത്തെ തിരിച്ചയക്കുന്നതായിരിക്കും. അദ്ദേഹം അടുത്തവർഷം വരട്ടെ. അപ്പോൾ ഉർവ പറഞ്ഞു: നിങ്ങൾക്ക് വലിയ പ്രയാസങ്ങൾ സഹിക്കേണ്ടതായി വരും. തുടർന്ന് ഉർവയും അയാളുടെ കൂട്ടുകാരും ത്വാഇഫിലേക്ക് മടങ്ങിപ്പോയി.*(സുബുലുൽഹുദാ വർറശാദ് വാല്യം 5, പേജ് 44-45, ദാറുൽകുതുബുൽ ഇൽമിയ്യ)(ബുഖാരി കിതാബുശ്ശുറൂത് ബാബ് അശ്ശുറൂത് ഫിൽദിഹാദ്........2731 -2732) (സീറത്ത് എൻസൈക്ലോപീഡിയ വാല്യം 8, പേജ് 93, ദാറുസ്സലാം രിയാള് 1435 ഹിജ്റ)(മുസ്നദ് അഹ്മദ് മഅ ഹാശിയ സിന്ദി വാല്യം 11, പേജ് 207, മക്തബ ഇദാരത്തുൽ ശൂനുൽ ഇസ്ലാമിയ്യ)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദുؓ ഹുദയ്ബിയ സംഭവങ്ങൾ വിവരിച്ചിട്ടുണ്ട്. അദ്ദേഹം അതേക്കുറിച്ച് പറയുന്നു: നബിﷺതിരുമേനി കഅ്ബ പ്രതിക്ഷണം ചെയ്യുന്നതിന് വന്നപ്പോൾ മക്കയിലെ കാഫിരീങ്ങൾ അതറിയുകയും അവരുടെ ഒരു നേതാവിനെ നബിﷺതിരുമേനിയുടെ അടുക്കൽ ഈ വർഷം കഅ്ബയെ പ്രതിക്ഷണം ചെയ്യാൻ വരരുതെന്ന സന്ദേശവുമായി അയക്കുകയും ചെയ്തു. അയാൾ നബിﷺതിരുമേനിയുടെ അടുത്തെത്തി സംസാരിച്ചു തുടങ്ങി. സംസാരിക്കുന്നതിനിടയിൽ അയാൾനബിﷺതിരുമേനിയുടെ താടി രോമത്തിൽ കൈ തൊട്ടുകൊണ്ട് ഇപ്പോൾ നിങ്ങൾ പോകേണ്ട അത് അടുത്ത വർഷത്തേക്ക് മാറ്റിവെക്കുക എന്നു പറയുമായിരുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് ؓപറയുന്നു: ഇങ്ങനെ കൈകൊണ്ടു തൊടുന്നത് അനാദരവുകാരണമായിരുന്നില്ല. പ്രത്യുത ഏഷ്യയിലെ ആളുകൾ അവരുടെ സ്വഭാവമനുസരിച്ച് ആരെയെങ്കിലും കാര്യങ്ങൾ പറഞ്ഞ് ബോധ്യപ്പെടുത്തേണ്ടി വരുമ്പോൾ അപരന്റെ നേതാവിന്റെ താടിയിൽ അപേക്ഷ എന്ന രീതിയിൽ തൊടുന്നു, അതല്ലെങ്കിൽ തന്റെ താടി തടവുന്ന പതിവുണ്ട്. എന്നിട്ട് പറയുന്നു: നോക്കൂ, ഞാൻ വൃദ്ധനാണ്, സമൂഹത്തിന്റെ നേതാവാണ്. ഞാൻ പറയുന്നത് നിങ്ങൾ മനസ്സിലാക്കുക. ഏതായാലും ഈ നേതാവും അപേക്ഷ എന്ന നിലയ്ക്ക് നബിﷺതിരുമേനിയുടെ താടിയിൽ തൊട്ടു.

ഇത്രയുമായപ്പോൾ ഞങ്ങളിൽനിന്ന് ഒരാൾ മുന്നോട്ടു നീങ്ങി. അയാൾ തലമുതൽ കാലുവരെ ഇരുമ്പുതൊപ്പിയിലും അങ്കിയിലും തന്നെ പൊതിഞ്ഞിരുന്നു. വളരെ ആവേശത്തോടെ സർദാറിനോടു സംബോധന ചെയ്തു പറഞ്ഞു: നിന്റെ അശുദ്ധമായ കൈ നീക്കുക. ഇത് പറഞ്ഞത് ഹദ്റത്ത് അബൂബക്ർؓ ആയിരുന്നു. നേതാവ് അദ്ദേഹത്തെ തിരിച്ചറിഞ്ഞപ്പോൾ പറഞ്ഞു: എനിക്ക് നിന്നെ ഒന്നും പറയാൻ കഴിയില്ല. കാരണം നിന്നിൽ എന്റെ ഒരു ഔദാര്യവുമുണ്ടായിട്ടില്ല."*(ഹിന്ദുസ്താനീ ഉൽജനോം കാ ആസാൻതരീൻ ഹൽ, അൻവാറുൽ ഉലൂം വാല്യം 18, പേജ് 560)*

തുടർന്ന് അഹാബീശിന്റെ നേതാവായിരുന്ന ഹുലയ്സാബിൻ അൽഖമ കിനാനി-ഞാൻ നേരത്തെ പറഞ്ഞതുപോലെ അഹാബീശ് ഖുറയ്ശികളുടെ സഖ്യ ഗോത്രങ്ങളിൽപ്പെട്ടവരാണ്-അവർ ഹബ്ശി എന്നുപേരുള്ള ഒരു മലയുടെ താഴ്വരയിൽവെച്ച് ഒരു ശപഥം ചെയ്തിരുന്നു. അതുകൊണ്ടാണ് അവർ അഹാബീശ് എന്നറിയപ്പെടുന്നത്. അയാൾ പറഞ്ഞു: എന്നെ നബിﷺതിരുമേനിയുടെ അടുത്ത് പറഞ്ഞു വിടുക. അപ്പോൾ ഖുറയ്ശികൾ പറഞ്ഞു: പൊയ്ക്കൊള്ളുക. അങ്ങനെ അയാളെ നബിﷺതിരുമേനി മുകളിൽനിന്ന് കണ്ടപ്പോൾ പറഞ്ഞു; ഇയാൾ ഇന്ന വ്യക്തിയാണ്. ഇയാൾ ബലി മൃഗങ്ങളെ വളരെ ആദരിക്കുന്ന ഗോത്രത്തിലെ ആളാണ്. തുടർന്ന് സ്വഹാബാക്കളോടു പറഞ്ഞു: നിങ്ങൾ അയാൾ കാണുന്നതിനുവേണ്ടി ബലി മൃഗങ്ങളെ അയാളുടെ മുന്നിലൂടെ കൊണ്ടുപോവുക. അങ്ങനെ അവർ ബലിമൃഗങ്ങളെ മുമ്പേ അയച്ചു. അയാൾ താഴ്വരയുടെ ഒരറ്റത്ത് ആ മൃഗങ്ങളെ കണ്ടു. അവയുടെ കഴുത്തുകളിൽ മാല ഇട്ടിരുന്നു. അത് കൂടുതൽ കാലം കിടന്നതുകൊണ്ട് അതായത് മാല കൂടുതൽ കാലം അവയുടെ കഴുത്തിൽ കിടന്നതുകൊണ്ട് അവയുടെ കഴുത്തിലെ രോമങ്ങൾ കൊഴിഞ്ഞു പോയിരുന്നു. ആ മൃഗങ്ങൾ കൂടെക്കൂടെ ശബ്ദം പുറപ്പെടുവിക്കുന്നുണ്ടായിരുന്നു. സ്വഹാബാക്കൾ തൽബിയ ചൊല്ലിക്കൊണ്ട് അയാളെ സ്വീകരിച്ചു. അവർ പകുതി മാസത്തോളം അവിടെത്തന്നെ കഴിച്ചുകൂട്ടി. അവർ അതായത് സ്വഹാബാക്കൾ സുഗന്ധദ്രവ്യങ്ങൾ ഉപയോഗിച്ചിരുന്നില്ല. അവരുടെ മുടി ചിതറിക്കിടന്നിരുന്നു. അയാൾ അവരെ കണ്ടപ്പോൾ പറഞ്ഞു: "സുബ്ഹാനല്ലാഹ്! ഇവരെ ബയ്ത്തുല്ലായിൽനിന്ന് തടയുന്നത് ശരിയല്ല. ഉടൻതന്നെ അയാളുടെ മനസ്സ് ആർദ്രമായി. അയാൾ പറഞ്ഞു: ലഖും, ജുദാം, കിൻദ, ഹിംയർ തുടങ്ങിയ

ഹദീസുന്നബവിﷺ
"നമസ്കാരത്തിൽ ഒരാൾ ഉറക്കം തൂങ്ങുന്നപക്ഷം, താനോതുന്നത് എന്താണെന്ന് അറിയുന്നതുവരെ അയാൾ ഉറങ്ങട്ടെ."(ബുഖാരി. 4:53)
TIMBELLA
BEAUTY FROM TIMBER
NILAMBUR
SCAN(BAR-CODE) FOR OUR NILAMBUR TEAK FURNITURES
ത്വാലിബെ ദുആ
BEAUTY FROM TIMBER NILAMBUR
FURNITURES FOR ENQUIRY CALL.: 9744366004, 8086399638

ഹദീസുന്നബവിﷺ
"നിങ്ങളിൽ ഒരാൾ ജനങ്ങൾക്കുവേണ്ടി പ്രാർഥന നയിക്കുമ്പോൾ അയാൾ അത് ലഘുവാക്കണം. എന്തുകൊണ്ടെന്നാൽ അവരിൽ ക്ഷീണിച്ചവനും രോഗിയും വൃദ്ധനുമുണ്ടായിരിക്കും." (ബുഖാരി. 8:62)
tectona
feel more confidence

tectona
feels more confidence
All Types Of Quality Furniture
ത്വാലിബെ ദുആ
Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

ഗോത്രങ്ങൾ ഹജ്ജ് ചെയ്യുമ്പോൾ അബ്ദുൽ മുത്വലിബിന്റെ മകനെ തടയുന്നത്തിന് അല്ലാഹു ഒരിക്കലും അനുവാദം നൽകുന്നില്ല. ഖുറയ്ശികൾ അവരെ ബയ്ത്തുല്ലായിൽനിന്ന് തടയുന്നത് ശരിയല്ല. കഅ്ബയുടെ നാഥനാണെ സത്യം! ഖുറയ്ശികൾ നശിപ്പിക്കപ്പെടുന്നതാണ്, ഇവർ തീർച്ചയായും ഉംറ ചെയ്യാൻ വന്നവരാണ്. അയാൾ മുസ്ലിമീങ്ങളെ പിന്തുണച്ചു കൊണ്ടാണ് ഇക്കാര്യങ്ങളെല്ലാം പറഞ്ഞത്. ഇക്കാര്യങ്ങൾ കേട്ടപ്പോൾ നബി ﷺ തിരുമേനി പറഞ്ഞു: "അല്ലാഹുവാണെ സത്യം! അല്ലയോ ബനൂ കിനാനയുടെ സഹോദരാ! തീർച്ചയായും അതുതന്നെയാണ് ശരി." അതായത് നബി സ്വല്ലല്ലാഹു അലയ്ഹിവസല്ലം അയാൾക്ക് ഇങ്ങനെ മറുപടി നൽകി. അയാൾ എത്രമാത്രം പ്രഭാവിതനായെന്നാൽ ഖുറയ്ശികളുടെ അടുക്കൽ പോയി പറഞ്ഞു: 'ഞാൻ മുസ്ലിമീങ്ങളുടെ പക്കൽ കണ്ട ഒരു കാര്യം വെച്ച് നോക്കുമ്പോൾ മുസ്ലിമീങ്ങളെ തടയുന്നത് ഒരിക്കലും അനുവദനീയമല്ല. ഞാൻ അവിടെ അവരുടെ മൃഗങ്ങളെ കണ്ടിരുന്നു, അവയുടെ കഴുത്തിൽ മാലകൾ അണിഞ്ഞ കാരണത്താൽ അവിടെയുള്ള രോമങ്ങൾ കൊഴിഞ്ഞു പോയിട്ടുണ്ട്. മാലകൾ കുറേക്കാലമായി അവയുടെ കഴുത്തിൽ കിടക്കുകയാണ്. ആളുകളുടെ തലമുടി ചിതറി കിടക്കുന്നു. ഇതെല്ലാം അവർ ബയ്ത്തുല്ലാഹ് പ്രദിക്ഷണം ചെയ്യാൻ ആഗ്രഹിക്കുന്നതു കൊണ്ടാണ്. അല്ലാഹുവാണെ സത്യം! ഞങ്ങൾ ഇക്കാര്യത്തിൽ നിങ്ങളുമായി ഉടമ്പടി ചെയ്തിട്ടില്ല.' അയാൾ സത്യനിഷേധികളോട് പറഞ്ഞു: 'ഞങ്ങൾ ഈ കാര്യത്തിൽ നിങ്ങളുമായി ഉടമ്പടി ചെയ്തവരല്ല, മാത്രമല്ല ഞങ്ങൾ ഈ കാര്യത്തിൽ അതായത് ബയ്ത്തുല്ലായുടെ ആദരവും മാന്യതയും അതിന്റെ അവകാശങ്ങൾ യഥാവിധി മാനിക്കുകയും ചെയ്യുന്ന ഒരാളെ തടയുന്ന കാര്യത്തിൽ നിങ്ങളുമായി കരാർ ചെയ്തിട്ടുമില്ല. അവർ ബലിമൃഗങ്ങളെയും കൊണ്ട് അവയുടെ സ്ഥാനങ്ങളിൽ പോകാനാഗ്രഹിക്കുന്നു. ആരുടെ കൈയിലാണോ എന്റെ ജീവനിരിക്കുന്നത് അവനാണെസത്യം! നിങ്ങൾ കഅ്ബയിലേക്കുള്ള അവരുടെ വഴി ഒഴിവാക്കി കൊടുക്കുക. അല്ലാത്തപക്ഷം ഞാനെന്റെ ആളുകളെയും കൊണ്ട് നിങ്ങളുടെ അടുത്തുനിന്ന് പോകുന്നതായിരിക്കും.'

അയാൾ പറഞ്ഞു: 'അവർക്ക് പോകാനും ഉംറ നിർവഹിക്കാനും അനുവാദം കൊടുക്കുക.' ഖുറയ്ശികൾ പറഞ്ഞു: 'ഹുലയ്സേ! ഞങ്ങൾ ഞങ്ങളുടെ ഇഷ്ടം പോലെയുള്ള നിബന്ധനകൾ അംഗീകരിപ്പിക്കുന്നതിന് താങ്കൾ മിണ്ടാതിരിക്കുക.' മറ്റൊരു നിവേദനത്തിൽ പറയുന്നു: 'നീ ഇരിക്കുക. നീ അഅ്റാബി അതായത് ഗ്രാമീണനാണ്. നിനക്ക് ഒന്നും അറിയില്ല, മുഹമ്മദ്ﷺനെ പറ്റി ഒന്നും കേട്ടിട്ടില്ല. നീ കാണുകയും കേൾക്കുകയും ചെയ്തതെല്ലാം വഞ്ചനയും വ്യാജവുമാകുന്നു.' നഊദുബില്ലാഹ്.*(സുബുലുൽ ഹുദാ വർറശാദ് വാള്യം 5, പേജ് 45, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

ഈ യാത്രയിൽ ഹദ്റത്ത് കഅ്ബ് ബിൻ ഉജ്റയ്ക്ക് ഇഹ്റാമിൽ തല മുണ്ഡനം ചെയ്യുന്നതിന് സാവകാശം കിട്ടിയതിനെ പറ്റിയും പറയുന്നുണ്ട്. അതിന്റെ വിശദീകരണത്തിൽ പറയുന്നു: ഹദ്റത്ത് കഅ്ബ് ബിൻ ഉജ്റഹ് നിവേദനം. അദ്ദേഹം പറയുന്നു: ഞങ്ങൾ ഹുദയ്ബിയയിലെത്തിയപ്പോൾ നബിﷺതിരുമേനിയോടൊപ്പം ആയിരുന്നു. ഞങ്ങൾ ഇഹ്റാം കെട്ടിയ അവസ്ഥയിലുമായിരുന്നു. മുശ്രിക്കീങ്ങൾ ഞങ്ങളെ വളഞ്ഞു വച്ചു. എന്റെ തലമുടി നീണ്ടിട്ടുണ്ടായിരുന്നു, പേനുകൾ എന്റെ മുഖത്ത് വീണുകൊണ്ടിരുന്നു. നബി ﷺതിരുമേനി എന്റെ അടുത്തൂടെ കടന്നു പോകുമ്പോൾ ചോദിച്ചു: നിന്റെ തലയിലുള്ള പേനുകൾ നിനക്ക് പ്രയാസമുണ്ടാക്കുന്നില്ലേ? ഞാൻ പറഞ്ഞു: ഉണ്ട്. നബി ﷺതിരുമേനി പറഞ്ഞു:നിന്റെ ഈ പ്രയാസങ്ങൾ ഇത്രത്തോളമുണ്ടാകുമെന്ന് ഞാൻ കരുതിയില്ല. പിന്നീട് നബിﷺതിരുമേനി തല മുണ്ഡനം ചെയ്യുന്നതിന് അനുമതി നൽകി. നീ തലമുടി ആദ്യം വടിക്കൂ എന്ന് പറഞ്ഞു. അല്ലാഹു ഈ ആയത്ത് ഇറക്കുകയും ചെയ്തു: **ഫമൻ കാന മിൻകും മ്മരീളൻ അവ് ബിഹി അദൻ മ്മിൻ റഅ്സിഹി ഫ ഫിദ്‌യത്തുൻ മിൻ സ്വിയാമിൻ അവ് സ്വദഖത്തിൻ അവ് നുസുക്കിൻ**(2:197)

നിങ്ങളിലാരെങ്കിലും രോഗിയാവുകയോ അല്ലെങ്കിൽ തലയിൽ വല്ല പ്രയാസവും അനുഭവിക്കുകയോ ആണെങ്കിൽ കുറച്ചു നോമ്പ് പിടിച്ചു കൊണ്ടോ സ്വദഖ കൊടുത്തുകൊണ്ടോ ബലി നൽകിക്കൊണ്ടോ ഫിദ്‌യ (പ്രായശ്ചിത്തം) നൽകേണ്ടതാണ്. അതായത് ഇത്തരം പ്രയാസകരമായ ഘട്ടത്തിൽ തല മുണ്ഡനം ചെയ്യാവുന്നതാണ്.*(സുബുലുൽ ഹുദാ വർറശാദ് വാള്യം 5, പേജ് 46, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

ഖുറയ്ശികൾ ഇതിന്നിടയിൽ മിക്റസ് ബിൻ ഹഫ്സിനെ ദൂതനെന്ന നിലയിൽ അയച്ച കാര്യവും ലഭിക്കുന്നുണ്ട്. മുമ്പേ പറഞ്ഞതു പോലെ ഖുറയ്ശികളിൽനിന്ന് അനുവാദം വാങ്ങി വിവിധ ആളുകളും നബിﷺതിരുമേനിയുടെ അടുത്ത് വരാറുണ്ടായിരുന്നു. ഏതായാലും മിക്റസ് ബിൻ ഹഫ്സിനെ പറ്റിയും പറയുന്നുണ്ട്. അയാൾ ഖുറയ്ശികളോട് പറഞ്ഞു: 'മുഹമ്മദ്ﷺന്റെ അടുക്കൽ പോകാൻ എന്നെ അനുവദിക്കുക.' അങ്ങനെ അയാൾ വരുന്നതുകണ്ടപ്പോൾത്തന്നെ നബിﷺതിരുമേനി അയാളെ പറ്റി ഇയാൾ വലിയ ചതിയനാണന്ന് പറഞ്ഞു. നിവേദനങ്ങളിൽനിന്ന് ഫാജിർ(ധിക്കാരി)എന്ന പദവും ലഭിക്കുന്നുണ്ട്. ഏതായാലും അയാൾ നബിﷺതിരുമേനിയുടെ അടുക്കലെത്തിയപ്പോൾ നബിﷺ തിരുമേനി ഉർവ്വയോടും ബുദയ്ലിനോടും പറഞ്ഞ കാര്യങ്ങൾ ത്തന്നെ ആവർത്തിച്ചു. പിന്നെ അയാൾ തന്റെ കൂട്ടുകാരുടെ അടുത്ത് തിരിച്ചു പോയി, നബി ﷺതിരുമേനിയുമായുണ്ടായ സംസാരങ്ങളെക്കുറിച്ച് അവർക്ക് അറിയിപ്പ് കൊടുക്കുകയും ചെയ്തു.

നബിﷺതിരുമേനി ഇക്കാര്യത്തിൽ ഹദ്റത്ത് ഖിറാശ് ബിൻ ഉമയ്യായെ ഖുറയ്ശികളുടെ അടുത്ത് അയച്ചതിനെ പറ്റിയും കാണപ്പെടുന്നുണ്ട്. അതായത് നബിﷺതിരുമേനി ഒരു ദൂതനെ അയച്ചിരുന്നു. മുഹമ്മദ് ബിൻ ഇസഹാഖ് എഴുതിയിരിക്കുന്നു: നബിﷺതിരുമേനി തന്റെ ഒട്ടകപ്പുറത്ത് ഹദ്റത്ത് ഖിറാശ് ബിൻ ഉമയ്യായെ ഖുറയ്ശികളുടെ അടുത്ത് അയച്ചു. (തുടരും)

പേജ് 7 ൽ നിന്ന്

മ്പോൾ ഉമ്മ കൂടെ ഇരുന്ന് ചായ കഴിക്കാനോ പുറത്തു പോകാനോ വിളിച്ചാൽ ഇങ്ങനെ പറയുമായിരുന്നു. എനിക്ക് ജമാഅത്തിന്റെ പ്രധാന ജോലികളുണ്ട്. അതു കഴിഞ്ഞശേഷം മാത്രമേ മറ്റെന്തെങ്കിലും ശ്രദ്ധിക്കാൻ കഴിയുകയുള്ളൂ. അദ്ദേഹത്തിന്റെ പ്രഥമ മുൻഗണന ജമാഅത്തു പരമായ ജോലികൾക്കായിരുന്നു.

സന്തപ്ത കുടുംബത്തിൽ മൂന്നു ആൺമക്കളും മൂന്നു പെൺമക്കളും പതിനാല് പേരക്കുട്ടികളുമുണ്ട്.

അല്ലാഹു പരേതനോട് പൊറുമയോടും കരുണയോടും വർത്തിക്കുമാറാകട്ടെ. പദവികൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ തലമുറയ്ക്കും അദ്ദേഹത്തിന്റെ കാലടികളിലൂടെ നടക്കാൻ തൗഫീഖ് നൽകുമാറാകട്ടെ.

ഞാൻ നേരത്തെ പറഞ്ഞതു പോലെ നമസ്കാരത്തിനുശേഷം ഈ ജനാസ ഗായിബ് നമസ്കരിക്കുന്നതാണ്. (വിവർത്തനം: എച്ച്. ശംസുദ്ദീൻ കാവശ്ശേരി. ടൈപ്പ്സെറ്റിങ്ങ്: താരീഖ് അലനല്ലൂർ)

പേജ് 1 ൽ നിന്ന്

ളിൽ ഒരാൾപോലും ഈസാമസീഹ് ജീവിച്ചിരിക്കുന്നുവെന്ന് വിശ്വസിക്കുന്നവരായി കാണുകയില്ല. എന്നല്ല പൊതുവായ നിലയിൽ മുസ്‌ലിമീങ്ങളോടു ഈ പ്രശ്നത്തിൽ സംസാരിക്കുകയാണെങ്കിൽ 'ഈ പ്രശ്നത്തിൽ എന്താണ് വെച്ചിട്ടുളളത്, അതു വിട്ടുകളയുക' എന്നു അവർ പറയുന്നു. ഇതിൽനിന്ന് മനസ്സിലാകുന്നത് അവരുടെ മനസ്സ് ഈ പ്രശ്നത്തിന്റെ സത്യത അംഗീകരിക്കാൻ തുടങ്ങിയിരിക്കുന്നുവെന്നാണ്. ഇപ്രക്രാരംതന്നെ അഹ്മദിയ്യ ജമാഅത്തിന്റെ സ്ഥാപകർ അല്ലാഹു എല്ലാ രാജ്യങ്ങളിലും തന്റെ പ്രവാചകന്മാരെ അയച്ചുവെന്ന് പറഞ്ഞപ്പോഴും ഒരു തീ പടർന്നുപിടിച്ചു. ആളുകൾ, നോക്കൂ! ഇയാൾ രാമനേയും കൃഷ്ണനേയും നബിയാക്കിയെന്നു പറഞ്ഞുകൊണ്ട്, കാഫിരീങ്ങളെ അഥവാ അവിശ്വാസികളെ

## • ഹദീഥുന്നബ്‌വിﷺ •

"നിങ്ങളുടെ സ്ത്രീകൾ രാത്രിയിൽ മസ്ജിദിൽ പോകാൻ അനുവാദം ആവശ്യപ്പെട്ടാൽ അവർക്ക് അനുവാദം നല്കുക."
(ബുഖാരി 10:162)

ത്വാലിബെ ദുആ
RAHMAN SHAKEER & FAMILY
AHMADIYYA JAMA-ATH KARULAI, KERALA

## • ഹദീഥുന്നബ്‌വിﷺ •

"അണി ചൊവ്വാക്കുക; വളവു വരരുത്. എന്തുകൊണ്ടെന്നാൽ അങ്ങനെയാകുമ്പോൾ നിങ്ങളുടെ ഹൃദയം വിയോജിക്കും. നിങ്ങളിൽ ഗ്രഹണശക്തിയും ബുദ്ധിശക്തിയുമുള്ളവർ എന്റെ ഏറ്റവും അടുത്തു നിൽക്കട്ടെ; പിന്നീട് അവരോടു ഏറ്റവും അടുത്തവർ."
(മിശ്ക്കാത്ത് 4:24)

ത്വാലിബെ ദുആ
P. ABDUL AMEER
AHMADIYYA JAMA-ATH MANJERY, KERALA

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarmalayalam@gmail.com
Layout : HA Creative Graphis

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-10 Thursday 2-9 January 2025 Issue-01,02

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

അല്ലാഹുവിന്റെ റസൂലാണെന്ന് നിശ്ചയിച്ചിരിക്കുന്നുവെന്ന് പറഞ്ഞു. പക്ഷേ, ഇന്ന് കഠിനമായ ശത്രുക്കൾ പോലും ഈ പ്രശ്നത്തിന്റെ പരമാർഥത അംഗീകരിച്ചുകഴിഞ്ഞിരിക്കുന്നു. മുമ്പേവന്ന പ്രവാചകന്മാരുടെ സത്യതയിലും ഇസ്‌ലാം വിശ്വസിക്കുന്നുവെന്ന് പറഞ്ഞുകൊണ്ടുള്ള ലേഖനങ്ങൾ പല പ്രാവശ്യവും പത്രങ്ങളിൽ എതിരാളികൾ പ്രസിദ്ധീകരിക്കുകയും ചെയ്തിരിക്കുന്നു. അവർ യഹൂദികൾക്കുവേണ്ടി വന്നവരാണെങ്കിലും ഹിന്ദുക്കൾക്കുവേണ്ടി വന്നവരാണെങ്കിലും സർതശ്തികൾ തുടങ്ങിയവർക്കുവേണ്ടി വന്നവരാണെങ്കിലും ശരി. ഇപ്രകാരംതന്നെ അഹ്മദിയ്യ ജമാഅത്തിന്റെ സ്ഥാപകർ വിശുദ്ധ ഖുർആൻ സമ്പൂർണഗ്രന്ഥമാണെന്നുള്ള വാദം ഉന്നയിക്കുകയും വിശുദ്ധ ഖുർആനിലെ ഒരു ആയത്തും കാലഹരണപ്പെട്ടിട്ടില്ലെന്ന് പറയുകയും ചെയ്തപ്പോൾ ഉലമാ എന്ന് പറയപ്പെടുന്നവർ ദ്വേഷപ്പെടുകയും അവരുടെ വായിൽനിന്ന് പതയും നുരയും വരുകയും അവരുടെ കണ്ണുകളിൽനിന്ന് തീനാളങ്ങൾ പുറത്തുവരുകയും ചെയ്തു. എന്നാൽ, ഇന്ന് ഉലമാ അല്ലെങ്കിൽ ഇസ്‌ലാമിനോടുള്ള താൽപര്യമുള്ളവരോടു ചോദിച്ചു നോക്കുക, അവർ വിശുദ്ധ ഖുർആനിലെ എല്ലാ വചനങ്ങളിൽനിന്നും അത് തെളിയിക്കുന്നതായിരിക്കും! ഏതെങ്കിലും ആയത്ത് കാലഹരണപ്പെട്ടുവെന്ന പേരുപോലും പറയുകയില്ല. ഈ അവസ്ഥതന്നെയാണ് എക്കാലത്തും ഉണ്ടായിട്ടുള്ളത്. അല്ലാഹുവിന്റെ ഏതെങ്കിലും നബി ലോകത്ത് വരുകയും അവന്റെ സന്ദേശമെത്തിക്കുകയും ചെയ്തപ്പോൾ ജനങ്ങൾ അവരെ എതിർക്കാൻ തുടങ്ങി. അതികഠിനമായ ദ്രോഹങ്ങൾ അവരോടു ചെയ്തു. എന്നാൽ, അവസാനം ലോകത്തിന് അല്ലാഹുവിന്റെ നബിമാരിൽനിന്ന് സമർപിക്കപ്പെട്ട അധ്യാപനം സമ്മതിക്കേണ്ടിവരുകയും തങ്ങളുടെ പരാജയം അംഗീകരിക്കേണ്ടി വരുകയും ചെയ്തു. ശത്രുക്കളുടെ ശത്രുതാപരമായ നടപടിയെ കുറിച്ച് ഈ ആയത്തിൽ അല്ലാഹു പറഞ്ഞു, എതിരാളികളുടെ മുമ്പിൽ നമ്മുടെ വ്യക്തമായ വചനങ്ങൾ ഓതപ്പെടുമ്പോൾ സത്യനിഷേധികളുടെ മുഖങ്ങളിൽ അനിഷ്ടകരമായ ലക്ഷണങ്ങൾ കാണുകയും അങ്ങനെ നമ്മുടെ ആയത്തുകൾ ഓതിക്കേൾപ്പിക്കപ്പെടുന്നവരുടെമേൽ അടുത്തുതന്നെ അവർ ആക്രമണം അഴിച്ചുവിടുകയും ചെയ്തേക്കാം. കാരണം തെളിവുകളുടേയും പ്രമാണങ്ങളുടേയും ബുദ്ധിയുടേയും അനുകരണത്തിന്റേയും മൈതാനത്ത് അവരുടെ പരാജയം പ്രകടമാകുന്നു. തങ്ങൾക്ക് തെളിവുകൾകൊണ്ട് അവരെ അതിജയിക്കാൻ സാധ്യമല്ലെന്ന് അവർ മനസ്സിലാക്കുന്നു. നമ്മുടെ വിജയത്തിന് ഒരേയൊരു മാർഗമെയുള്ളു, നമ്മൾ ലാത്തിയെടുക്കുക. നമ്മുടെ വിശ്വാസാദർശങ്ങളിൽനിന്ന് നമ്മെ പിന്തിരിപ്പിക്കാൻ ആഗ്രഹിക്കുന്നവരുടെ തല തല്ലിപ്പൊളിക്കാൻ തുടങ്ങുക! എന്നാൽ, മുഅ്മിൻ അഥവാ സത്യവിശ്വാസി അവരുടെ അക്രമങ്ങളെ ക്ഷമയോടെ നേരിടുന്നു. കാരണം അല്ലാഹുവിന്റെ സുന്നത്ത് ഇതുതന്നെയാണെന്ന് അവർക്കറിയാം. അതായത് അവൻ തന്റെ ദാസരെ ആദ്യം പരീക്ഷണങ്ങളുടെ നദികളിലൂടെ കടത്തിക്കൊണ്ടുപോകുന്നു. പിന്നീട് തന്റെ സാമീപ്യംകൊണ്ട് അനുഗ്രഹിക്കുന്നു. നബിമാരുടെ ജമാഅത്തിനെ അല്ലാഹു അതികഠിനമായ പരീക്ഷണങ്ങളിലിട്ട് പരീക്ഷിക്കാതെ ഇന്നുവരെ ലോകത്ത് ഒരു നബിയും വന്നിട്ടില്ല. അല്ലെങ്കിൽ മുസ്വീബത്തുകളുടെ ചൂളയിലിട്ട് അവരെ ശുദ്ധീകരിച്ചെടുക്കാതെ! അല്ലാഹുവിന്റെ ദാസർ തങ്ങളുടെ ചോരകൊണ്ട് അല്ലെങ്കിൽ തങ്ങളുടെ ധനംകൊണ്ടും തങ്ങളുടെ നാടിനേയും തങ്ങളുടെ പ്രിയപ്പെട്ടവരേയും തങ്ങളുടെ ബന്ധുക്കളേയും ത്യാഗം ചെയ്തും തങ്ങളുടെ സത്യസന്ധതയിൽ മുദ്രവച്ചു. അപ്പോഴാണ് അവർക്ക് അല്ലാഹുവിന്റെ തിരുസന്നിധിയിൽ ആദരവ് നല്കപ്പെട്ടത്. അവർ ഇഹലോകത്തും വിജയിക്കുകയും പരലോകത്തിലും അവർക്ക് ഉന്നതമായ പദവികൾ പ്രദാനം ചെയ്യപ്പെടുകയും ചെയ്തു. അതുകൊണ്ട് എതിരാളികളുടെ പീഢനങ്ങളിലൊരിക്കലും പരിഭ്രമിക്കാൻ പാടില്ല. പ്രത്യുത ക്ഷമയും സഹനവും കൊണ്ടു പ്രവർത്തിച്ച് ദുആയോടുകൂടി അല്ലാഹുവിന്റെ സഹായം കരസ്ഥമാക്കേണ്ടതാണ്. എല്ലാ മനസ്സുകളും അല്ലാഹുവിന്റെ പിടിയിലും നിയന്ത്രണത്തിലുമാണ്. എപ്പോൾ ആഗ്രഹിക്കുന്നുവോ അവർക്ക് ഹിദായത്ത് നല്കാവുന്നതാണ്." (തഫ്സീറെ കബീർ വാള്യം 6 പേജ് 93 പ്രസാധനം 2010 ഖാദിയാൻ)

**പേജ് 1 ൽ നിന്ന്**

**മനുഷ്യന്റെ യാഥാർഥ്യം:**

ഇൻസാൻ യഥാർഥത്തിൽ ഉൻസാനിൽനിന്നെടുക്കപ്പെട്ടതാണ്. അതായത് ഏതൊന്നിലാണോ ആ യഥാർഥപരമായ സ്നേഹമുള്ളത് അത്. ഒന്ന് അല്ലാഹുവിനോടുള്ള സ്നേഹം. രണ്ടാമത്തേത് മനുഷ്യകുലത്തോടുള്ള സഹതാപം. ഈ രണ്ടു സാമൂഹികസമ്പർക്കവും അവനിലുണ്ടായാൽ  അപ്പോൾ അവൻ മനുഷ്യനെന്ന് പറയപ്പെടും. ഇക്കാര്യംതന്നെയാണ് മനുഷ്യത്വത്തിന്റെ കാമ്പ് എന്നു പറയപ്പെടുന്നതും. ഈ സ്ഥാനത്താണ് മനുഷ്യൻ ചിന്തിച്ച് കാര്യങ്ങൾ ഗ്രഹിക്കുന്നവനെന്നും പറയപ്പെടുന്നത്. ഇതുണ്ടാകുന്നതുവരെ അവനൊന്നുമല്ല. ആയിരക്കണക്കിന് വാദമുന്നയിച്ചാലും കാണിച്ചാലും അല്ലാഹുവിന്റെ അടുത്തും അവന്റെ നബിമാരുടെ അടുത്തും അത് നിസ്സാരമായിരിക്കും.

**നബിമാരുടെ മാതൃക:**

സകല മനുഷ്യരും മാതൃകയ്ക്ക് ആശ്രിതരാണെന്ന കാര്യവും സ്മരണാർഹമാണ്. ആ മാതൃകയാണ് പ്രവാചകന്മാരുടെ അസ്തിത്വം. വൃക്ഷങ്ങളിലും ദൈവവചനമെഴുതിപ്പിടിപ്പിക്കാൻ കഴിവുള്ളവനാണ് അല്ലാഹു. എന്നാൽ, അവൻ പ്രവാചകന്മാരെ അയക്കുകയും അവരിലൂടെ ദൈവ വചനമിറക്കുകയുമാണ് ചെയ്തത്. ഇതിലുള്ള രഹസ്യമെന്നു പറയുന്നത്, മനുഷ്യൻ പ്രവാചകന്മാരിലൂടെ പ്രകടമാകുന്ന ദൈവികതയുടെ തിളക്കം കാണുകയെന്നതാണ്.

നബി ദൈവികതയുടെ മുഖവും ദൈവത്തെ കാണിക്കുന്നവനുമാകുന്നു. സത്യവാനായ മുസ് ലിമും വിശ്വാസിയും പ്രവാചകന്മാരുടെ മുഖമായിത്തീരുന്നു. ആദരണീയരായ സ്വഹാബത്ത് ഈ രഹസ്യം നല്ലവണ്ണം മനസ്സിലാക്കിയിരുന്നു. അവർ നബിﷺ തിരുമേനിയെ അനുസരിക്കുന്നതിൽ എത്രമാത്രം അലിഞ്ഞുചേർന്നുവെന്നാൽ അവരുടെ അസ്തിത്വത്തിൽ മറ്റൊന്നുംതന്നെ അവശേഷിച്ചില്ല. ആര് അവരെ കണ്ടാലും അവർ അല്ലാഹുവിൽ ലയിച്ചിരിക്കുന്ന അവസ്ഥയിലാണ് കണ്ടിരുന്നത്. അതുകൊണ്ട് ഓർക്കുക! ഇക്കാലത്തും ആ അല്ലാഹുവിൽ ലയിച്ചിരിക്കുന്ന അവസ്ഥയും അനുസരണത്തിൽ ആദരണീയരായ സ്വഹാബാക്കളിലുണ്ടായിരുന്ന സർവവും ത്യജിക്കലും ഉണ്ടാകുമ്പോഴാണ് ശിഷ്യന്മാരിലും വിശ്വാസികളിലും ചേർന്നിരിക്കുന്നുവെന്ന വാദം സത്യവും ശരിയുമാകുന്നത്. ഇക്കാര്യം നല്ലവണ്ണം മനസ്സിൽ പതിപ്പിക്കുക. ഇതുണ്ടാകാത്തിടത്തോളം അതായത് അല്ലാഹു നിങ്ങളിൽ പാർക്കുകയും അവന്റെ അടയാളങ്ങൾ നിങ്ങളിൽ പ്രകടമാകുകയും ചെയ്യുന്നതുവരെ സാത്താനികമായ ഭരണത്തിന്റെ ഇടപെടലുകളുണ്ടാകും.

ശയ്ത്വാൻ കളവ്, ദ്രോഹം, വികാരാവേശങ്ങൾ, കൊലപാതകം, അത്യാഗ്രഹം, പ്രദർശനപരത, അഹങ്കാരം എന്നിവയിലേക്ക് വിളിക്കുന്നു. ക്ഷണിക്കുകയും ചെയ്യുന്നു. ഇതിന്നെതിരിൽ ഉൽകൃഷ്ടമായ സ്വഭാവങ്ങൾ, ക്ഷമ, ലയനം, വിലയനം, അല്ലാഹുവിനെ കുറിച്ചുള്ള ചിന്തയിൽ മുഴുകിയിരിക്കൽ, അല്ലാഹുവിൽ വിലയം പ്രാപിക്കൽ, ആത്മാർഥതയും വിശ്വാസവും വിജയവുമൊക്കെയാണ് അല്ലാഹുവിന്റെ ക്ഷണങ്ങൾ. മനുഷ്യൻ ഈ രണ്ടു തർക്കങ്ങളിലാണ് പെട്ടിരിക്കുന്നത്. പിന്നീട് സൽപ്രകൃതക്കാരും സൗഭാഗ്യത്തിന്റെ ബീജം നിക്ഷേപിക്കപ്പെട്ടിട്ടുള്ളവരും ശയ്ത്വാന്റെ ആയിരക്കണക്കിന് ക്ഷണങ്ങളും അമിതാവേശങ്ങളുമുണ്ടായിട്ടും ഈ സന്മാർഗപ്രകൃതി സൗഭാഗ്യത്തിന്റേയും സമാധാനത്തിന്റേയും ബീജത്തിന്റെ ബർക്കത്തുകൊണ്ട് അല്ലാഹുവിലേക്കുതന്നെ ഓടുകയും അല്ലാഹുവിൽത്തന്നെ തന്റെ സമാധാനവും സന്തോഷവും ശാന്തിയും പ്രാപിക്കുകയും ചെയ്യുന്നു." (മൽഫൂദാത്ത് വാള്യം 2, പേജ് 53, 2018 ഖാദിയാൻ പതിപ്പ്)


**• ഹദീഥുന്നബ്‌വിﷺ •**

**"നിങ്ങളിലൊരാൾ നമസ്കരിക്കുമ്പോൾ അയാൾ തന്റെ രക്ഷിതാവുമായി രഹസ്യമായ സമ്പർക്കത്തിലേർപ്പെട്ടരിക്കുകയാണ്."**
(ബുഖാരി. 9:8)

ത്വാലിബെ ദുആ
**Late DILSAD ABDULLATHEEF AND FAMILY KALLIKOTE**
PATHAPPIRIYAM, MALAPURAM

**• ഹദീഥുന്നബ്‌വിﷺ •**

**"തന്റെ നാഥനോടു ദാസൻ ഏറ്റവും അടുത്തിരിക്കുന്നത്, അവൻ സുജൂദിലായിരിക്കുമ്പോഴാണ്. അതുകൊണ്ട് ഏറ്റവും കൂടുതൽ അർഥനകൾ(സുജൂദിൽ)ചെയ്യുക."**(മിശ്ക്കാത്ത 4:14)




ത്വാലിബെ ദുആ
**DR.C.G. KAMALUDDEEN, DR. C.G. NAZIM AHMAD**
VAYANASHALA, PATHAPPIRIYAM, KERALA

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin